# 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് *

(2003-ലെ 31-ാം ആക്ട്)

കേരള സംസ്ഥാനത്ത് ജലസേചന സംരംഭങ്ങളുടെ നിർമ്മാണവും
ജലസേചനത്തിനുവേണ്ടിയുള്ള ജലസംരക്ഷണവും വിതരണവും
ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ച ഭൂമിയിൻമേൽ
മെച്ചപ്പെടുത്തലിനുള്ള അംശദായവും ജലസേചനകരവും
ചുമത്തുന്നതും സംബന്ധിച്ച നിയമങ്ങൾ ഏകീകരി
ക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ജല ഉപയോഗ
സംവിധാനങ്ങളിൽ കർഷകരെ പങ്കാളികളാക്കുന്ന
തിനും അതുമായി ബന്ധപ്പെട്ടതോ അതിന്
ആനുഷംഗികമോ ആയ കാര്യങ്ങൾക്കുംവേണ്ടി
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ട്

പീഠിക.—കേരള സംസ്ഥാനത്ത് ജലസേചന സംരംഭങ്ങളുടെ നിർമ്മാണവും ജലസേചനത്തിനുവേണ്ടിയുള്ള ജലസംരക്ഷണവും വിതരണവും ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ച ഭൂമിയിൻമേൽ മെച്ചപ്പെടുത്തലിനുള്ള അംശദായവും ജലസേചനകരവും ചുമത്തുന്നതും സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതും ഭേദഗതി ചെയ്യുന്നതും ജലോപയോഗ സംവിധാനത്തിൽ കർഷകരെ പങ്കാളികളാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അൻപത്തിനാലാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

**1.** ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—**(1)** ഈ ആക്ടിന് **2003**-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് എന്ന് പേർ പറയാം.

---

* 2003 സെപ്റ്റംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2004 ജൂൺ 29-ാം തീയതിയിലെ 26-ാം നമ്പർ കേരള ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിച്ചേക്കാവുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

എന്നാൽ, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ച യിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിൽ ഈ ആക്ടിന്റെ ആരംഭത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും പരാമർശം ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിനെ സംബന്ധിച്ച പരാമർശമായി വ്യാഖ്യാനിക്കേണ്ടതുമാണ്.

**2.** <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) കർഷക സംഘടനകളുമായി ബന്ധപ്പെട്ട് "പ്രവർത്തനപ്രദേശം" എന്നാൽ ഒരു ജലസേചന സംവിധാനത്തിന്റെ കമാൻഡ് ഏരിയയിലുള്ള വിജ്ഞാപനപ്പെടുത്തിയേക്കാവുന്ന ഒരുമിച്ചുകിടക്കുന്ന ഭൂവിഭാഗം എന്നർത്ഥമാകുന്നു;

(ബി) "അതോറിറ്റി" എന്നാൽ 57-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള ഡാം സേഫ്റ്റി അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) "കായൽ" എന്നാൽ നീരൊഴുക്കുകളിൽ നിന്നും നദികളിൽ നിന്നും ജലം ലഭിക്കുന്ന തടാകങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) "ബോർഡ്" എന്നാൽ 90-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജലനിയന്ത്രണ-വിനിയോഗ ബോർഡ് എന്നർത്ഥമാകുന്നു;

(ഇ) "കനാൽ" എന്നാൽ മാർഗ്ഗമദ്ധ്യേ തുരങ്കങ്ങളിൽക്കൂടി കടന്നു പോകുന്ന ഭാഗം ഉൾപ്പെടെ ജലം വഹിച്ചുകൊണ്ടുപോകുന്ന ഒരു തുറന്ന കൃത്രിമ ചാനൽ എന്നർത്ഥമാകുന്നു;

(എഫ്) "സർട്ടിഫിക്കറ്റ്" എന്നാൽ 21-ാം വകുപ്പുപ്രകാരം നൽകപ്പെട്ട ഒരു സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ജി) "കളക്ടർ" എന്നാൽ ഒരു ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റിൻ കീഴിൽ ഒരു കളക്ടറുടെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കുന്നതിനോ സർക്കാർ വിജ്ഞാപനം വഴി നിയമിച്ച ഏതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതുമാകുന്നു;

(എച്ച്) "കമാൻഡ് ഏരിയ" എന്നാൽ ഗുരുത്വാകർഷണഫലമായുള്ള ജലത്തിന്റെ ഒഴുക്കിനാലോ, ലിഫ്റ്റ് ഇറിഗേഷനാലോ, മറ്റേതെങ്കിലും രീതിയിലോ ജലസേചനം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ ജലസേചനക്ഷമമാക്കാവുന്നതോ ആയ പ്രദേശം എന്നർത്ഥമാകുന്നതും ആയക്കെട്ട് എന്നോ മറ്റേതെങ്കിലും പേരിലോ വിളിക്കപ്പെടുന്ന അങ്ങനെയുള്ള എല്ലാ പ്രദേശവും ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ 53-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിച്ച ക്ഷമതയുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ജെ) ഒരു ജലസേചന സംരംഭത്തെ സംബന്ധിച്ച്, "നിർമ്മാണം" എന്നതിൽ ആ ജലസേചന സംരംഭത്തിന്റെ മെച്ചപ്പെടുത്തലും വിപുലീകരണവും അറ്റകുറ്റപ്പണിയും ഉൾപ്പെടുന്നതാകുന്നു;

[1][(ജെഎ) 'സൂക്ഷിപ്പുകാരൻ' എന്നാൽ ഏതെങ്കിലും നിയമത്തിന്റെയോ, കരാറിന്റെയോ, ഉടമ്പടിയുടെയോ, എഗ്രിമെന്റിന്റെയോ, ഉത്തരവിന്റെയോ, വിധിന്യായത്തിന്റെയോ ഡിക്രിയുടെയോ കീഴിൽ കേരള സംസ്ഥാനത്ത് ഏതെങ്കിലും ഡാം സ്ഥാപിക്കുന്നതിന് അവകാശം ലഭിച്ചതോ അല്ലെങ്കിൽ സ്ഥാപിച്ചതോ നടത്തുന്നതോ അല്ലെങ്കിൽ മറ്റുവിധത്തിൽ പ്രവർത്തിപ്പിക്കുന്നതോ ആയ ഏതെങ്കിലും സംസ്ഥാന സർക്കാരോ, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ, ഏകാംഗീകൃത നികായമോ ആളുകളുടെ സമാജമോ അല്ലെങ്കിൽ ഒരു വ്യക്തിയോ എന്നർത്ഥമാകുന്നു;

(ജെബി) 'ഡാം' എന്നാൽ ഒരു നദിയുടെയോ അതിന്റെ പോഷക നദികളുടെയോ കുറുകെ ജലസേചനത്തിനായോ ശുദ്ധജല വിതരണത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ജലം തടഞ്ഞുവയ്ക്കുന്നതിനോ തിരിച്ചുവിടുന്നതിനോ ഉദ്ദേശിച്ചുകൊണ്ട്, അനുബന്ധ പണി ഉൾപ്പെടെ, നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും കൃത്രിമ തടസ്സം എന്നർത്ഥമാകുന്നതും സന്ദർഭത്തിനു വിരുദ്ധമല്ലാത്തപക്ഷം ജലവ്യാപ്ത പ്രദേശം ഉൾപ്പെടുന്നതുമാകുന്നു;]

(കെ) "വിതരണ സംവിധാനം" എന്നാൽ,—

(i) ജലസേചനാവശ്യത്തിനുള്ള ജലത്തിന്റെ സംഭരണത്തിനും വിതരണത്തിനുംവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ളതും, പരിപാലിക്കപ്പെട്ടിട്ടുള്ളതും പ്രവർത്തിപ്പിക്കപ്പെട്ടിട്ടുള്ളതുമായ എല്ലാ പ്രധാന കനാലുകളും, ശാഖാകനാലുകളും, വിതരണകനാലുകളും, ചെറുകനാലുകളും;

1. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(ii) ജലസേചനത്തിനുവേണ്ടിയുള്ള ജലത്തിന്റെ വിതരണവുമായി ബന്ധപ്പെട്ട എല്ലാ പണികളും, എടുപ്പുകളും, ഉപകരണങ്ങളും;

(iii) ഒരു ജലനിയന്ത്രണ ചീപ്പിന്റെയോ, പൈപ്പ് ഔട്ട്ലെറ്റിന്റെയോ, കീഴിലുള്ള എല്ലാ ഫീൽഡ് ചാനലുകളും കൃഷിസ്ഥലചാനലുകളും ബന്ധപ്പെട്ട മറ്റു ചാനലുകളും എടുപ്പുകളും;

എന്നർത്ഥമാകുന്നതും, അവ ഉൾപ്പെടുന്നതുമാകുന്നു;

(എൽ) "ഡ്രെയിനേജ് സംവിധാനം" എന്നാൽ മലിനജലമോ മിച്ചജലമോ വെളിയിലേക്കൊഴുക്കിക്കളയുന്നതിനുവേണ്ടിയുള്ള പ്രകൃതിദത്തമോ കൃത്രിമമോ ആയ ചാനലുകളും അതുമായി ബന്ധപ്പെട്ടതോ അഥവാ അതിന് അനുബന്ധമായുള്ളതോ ആയ എല്ലാ ജോലികളും എന്നർത്ഥമാകുന്നതും,—

(i) ഒരു ജലസേചനം അഥവാ ജലവിതരണ സംവിധാനത്തിൽനിന്നും ഉള്ള നിർഗ്ഗമന ചാനലുകളും അതുമായി ബന്ധപ്പെട്ട മറ്റു ജോലികളും ഉൾപ്പെടുന്നതും എന്നാൽ മലിനജലം നീക്കം ചെയ്യുന്നതിനുള്ള ജോലികൾ ഉൾപ്പെടാത്തതും;

(ii) ഫീൽഡ് ഓവുചാലിൽ നിന്നും മിച്ചജലം ചോർത്തിക്കളയാനുള്ള ബന്ധിപ്പിക്കൽ ഓവുചാലുകളും പ്രധാന ഓവുചാലുകളും;

(iii) പൈപ്പ് ഔട്ട്ലെറ്റിൻ കീഴിലുള്ള എല്ലാ ഓവുചാലുകളും, ബന്ധപ്പെട്ട എടുപ്പുകളും;

ഉൾപ്പെടുന്നതുമാകുന്നു;

(എം) "കർഷകരുടെ അസ്സോസിയേഷൻ" എന്നാൽ 49-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള വാട്ടർ യൂസേഴ്സ് അസ്സോസിയേഷൻ എന്നും, 90-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ജലനിയന്ത്രണ-വിനിയോഗ ബോർഡ് എന്നും അർത്ഥമാകുന്നു;

(എൻ) "ഫീൽഡ് ചാനൽ" എന്നാൽ ഒരു ചാനലിന്റെയോ കനാലിന്റെയോ നിർഗ്ഗമന മാർഗ്ഗത്തിൽനിന്ന് ഒഴുകുന്നതും വിസ്തൃതിയിൽ അഞ്ച് ഹെക്ടറിൽ കവിയുന്നതും എന്നാൽ വിസ്തൃതിയിൽ നൂറ് ഹെക്ടറിൽ കവിയാത്തതുമായ ഭൂവിഭാഗത്തേക്ക് ജലം കൊണ്ടുപോകുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നതും ആയ ഒരു ചാനൽ എന്നർത്ഥമാകുന്നു;

(ഓ) “ഫീൽഡ് ഓവുചാൽ” എന്നാൽ ഓവുചാലുകളും ജലനിർഗ്ഗമന ചാനലുകളും നിലവിലുണ്ടായിരുന്നതോ നിർമ്മിക്കാൻ പോകുന്നതോ ആയ അതുപോലുള്ള മറ്റ് പണികളും ഉൾപ്പെടെ ഒരു കൈവശ ഭൂമിയിൽനിന്നുള്ള മലിനജലമോ മിച്ചജലമോ ഒരു പൈപ്പ് ഔട്ട്ലെറ്റിൽ കൂടി ഒഴുക്കി വിടാനായി കൈവശക്കാരനോ മറ്റേതെങ്കിലും ഏജൻസിയോ കുഴിച്ചിട്ടുള്ളതും പരിപാലിച്ചുപോരുന്നതുമായ ഒരു ചാനൽ എന്നർത്ഥമാകുന്നതും, ഓവുചാലുകളും, ജലനിർഗ്ഗമന ചാനലുകളും അതുപോലെയുള്ള മററ് പണികളും ഉൾപ്പെടെ, അതതു സംഗതിപോലെ, കമാന്റ് ഏരിയായിൽ നിന്നോ ഒരു ജലനിയന്ത്രണചീപ്പിൽനിന്നോ പൈപ്പ് ഔട്ട്ലെറ്റിൽനിന്നോ ഒന്നിലധികമുള്ള ഔട്ട്ലെറ്റുകളുടെ മൊത്തം ആയക്കെട്ടിൽനിന്നോ മലിനജലമോ മിച്ചജലമോ ഒഴുക്കിക്കളയാനുള്ള ആവശ്യത്തിലേക്കായി നിലവിലുണ്ടായിരുന്നതോ, നിർമ്മാണത്തിലിരിക്കുന്നതോ, സർക്കാരോ വാട്ടർ യൂസേഴ്സ് അസ്സോസിയേഷനോ മറ്റേതെങ്കിലും ഏജൻസിയോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ ഒരു ചാനൽ ഉൾപ്പെടുന്നതുമാകുന്നു.

(പി) “സാമ്പത്തിക വർഷം” എന്നാൽ ബന്ധപ്പെട്ട വർഷത്തെ ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്നതും തുടർന്നുവരുന്ന വർഷത്തെ മാർച്ച് മുപ്പത്തൊന്നിന് അവസാനിക്കുന്നതുമായ ഒരു വർഷക്കാലയളവ് എന്നർത്ഥമാകുന്നു;

(ക്യു) “ധനകാര്യ ഏജൻസി” എന്നാൽ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ പ്രവർത്തന വികസനത്തിനും നിലനില്പിനുമായി പണമായോ സാധനങ്ങളായോ മറ്റു സേവനങ്ങളായോ ആവശ്യമായ വിഭവങ്ങൾ കടം കൊടുക്കുന്നതിനോ ധനസഹായം ചെയ്യുന്നതിനോ ഹേതുവാകുന്ന ഏതെങ്കിലും വാണിജ്യബാങ്കോ ഏതെങ്കിലും സഹകരണ ബാങ്കോ ക്രഡിറ്റ് സൊസൈറ്റിയോ മറ്റേതെങ്കിലും ധനകാര്യസ്ഥാപനമോ ഏതെങ്കിലും സ്ററാററ്യൂട്ടറി വ്യവസ്ഥ പ്രകാരം സ്ഥാപിച്ചതോ ഏകാംഗീകരിച്ചതോ ആയ മറ്റ് സംഘടനയോ എന്നർത്ഥമാകുന്നു;

(ആർ) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എസ്) “ഹൈഡ്രോളിക് അടിസ്ഥാനം” എന്നാൽ ഹെഡ് വർക്കുകൾ ഡിസ്ട്രിബ്യൂട്ടറികൾ, മൈനറുകൾ, പൈപ്പ് ഔട്ട്ലെറ്റുകൾ അങ്ങനെയുള്ള ഒന്നോ അതിലധികമോ ഹൈഡ്രോളിക് നിർമ്മാണങ്ങൾ ഉപയോഗിച്ച് ജലസേചനം നടത്താവുന്ന ഒരു പ്രദേശം തിരിച്ചറിയുന്നതിനുള്ള അടിസ്ഥാനം എന്നർത്ഥമാകുന്നു;

(റ്റി) വ്യാകരണ വ്യതിയാനങ്ങളോടൊപ്പം "ജലസേചനം” എന്നതിൽ സമാന വ്യതിയാനങ്ങളോടൊപ്പം "ഡ്രെയിനേജും” ഉൾപ്പെടുന്നു;

(യു) "ഇറിഗേഷൻ ഓഫീസർ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഒരു ഇറിഗേഷൻ ഓഫീസറുടെ എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ നിയമിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(വി) "ജലസേചന സംവിധാനം" എന്നാൽ ഒരു വൻകിട ജലസേചന പദ്ധതിയെന്നോ ഒരു ഇടത്തരം ജലസേചന പദ്ധതിയെന്നോ ഒരു ചെറുകിട ജലസേചന പദ്ധതിയെന്നോ അർത്ഥമാകുന്നു;

(ഡബ്ല്യൂ) "ജലസേചന സംരംഭം" എന്നതിൽ—

(i) കാർഷിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള വെള്ളത്തിന്റെ വിതരണത്തിനോ, ശേഖരിക്കലിനോ, സംഭരിക്കലിനോ, തടഞ്ഞു നിറുത്തലിനോവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതോ ഉപയോഗിക്കാവുന്നതോ ആയ എല്ലാ കനാലുകളും ഫീൽഡ് ചാനലുകളും, ജലസംഭരണികളും, ടാങ്കുകളും, കുഴൽ കിണറുകളും, ഫിൽറ്റർ പോയിന്റ് കിണറുകളും;

(ii) ജലം വിതരണം ചെയ്യുന്നതിന് സ്ഥാപിച്ചിട്ടുള്ള കനാലുകളുമായോ ചാനലുകളുമായോ ജലസംഭരണികളുമായോ ടാങ്കുകളുമായോ ഓവുകളുമായോ ബന്ധപ്പെട്ട എല്ലാ പണികളും, ചിറകളും, നിർമ്മാണങ്ങളും വിതരണ-നിർഗ്ഗമന ചാനലുകളും;

(iii) അത്തരം കനാലുകളിലോ, ചാനലുകളിലോ, ജലസംഭരണികളിലോ, ടാങ്കുകളിലോ,ഓവുകളിലോ നിന്ന് ജലം വിതരണം ചെയ്യുന്ന എല്ലാ ജലപ്രവാഹങ്ങളും;

(iv) എല്ലാ അഴുക്കുചാൽ പണികളും അതായത് കനാലുകളും ചാനലുകളും, ഒരു കനാലിലോ ചാനലിലോ നിന്നുള്ള നിർഗ്ഗമന ചാനലുകളും, ജലസംഭരണികളും, അല്ലെങ്കിൽ ടാങ്കുകളും, അണക്കെട്ടുകളും, അണകളും, ചിറകളും, ജലനിയന്ത്രണ ചീപ്പുകളും, പുലിമുട്ടുകളും, ഫീൽഡ് ചാനലുകളും കൃഷിഭൂമിയുടെ സംരക്ഷണത്തിനോ പ്രയോജനത്തിനോവേണ്ടിയുള്ള മറ്റു പണികളും കോൾനിലങ്ങളുടേയോ കായൽ നിലങ്ങളുടേയോ, കരിനിലങ്ങളുടേയോ അങ്ങനെയുള്ള മറ്റ് നിലങ്ങളുടേയോ നികത്തലിനോ, വെള്ളം വറ്റിക്കലിനോ വേണ്ടിയുള്ള മറ്റു പണികളും;

(v) കൃഷിനിലങ്ങളിലേക്ക് ഉപ്പുവെള്ളം കടക്കുന്നത് തടയുന്നതിനോ നിയന്ത്രിക്കുന്നതിനോവേണ്ടി ഉദ്ദേശിച്ചിട്ടുള്ള എല്ലാ പണികളും;

(vi) അത്തരം കനാലുകളുടേയും ചാനലുകളുടേയും ജലസംഭരണി കളുടേയും ടാങ്കുകളുടേയും ആവശ്യങ്ങൾക്കുവേണ്ടി സർക്കാരിന്റെയോ ഒരു

തദ്ദേശാധികാരസ്ഥാനത്തിന്റെയോ കൈവശമുള്ള എല്ലാ ഭൂമിയും, എല്ലാ ഭൂമിയിലുമുള്ള പണികളും, അങ്ങനെയുള്ള ഭൂമിയിൻമേലുള്ള എല്ലാ കെട്ടിടങ്ങളും, യന്ത്രസാമഗ്രികളും, വേലികളും, ഗേറ്റുകളും മറ്റ് നിർമ്മാണങ്ങളും;

**(vii)** സർക്കാർ, വിജ്ഞാപനംവഴി, ഒരു ജലസേചന സംരംഭമായി പ്രഖ്യാപിക്കാവുന്ന മറ്റേതൊരു പണിയും;

ഉൾപ്പെടുന്നതാകുന്നു.

<u>വിശദീകരണം</u>.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി "ജലസേചന സംരംഭം" എന്നതിൽ ജലസേചനാവശ്യത്തിനല്ലാതെയുള്ള ചിറകളും സർക്കാരോ ഒരു തദ്ദേശാധികാരസ്ഥാനമോ മറ്റേതെങ്കിലും അധികാരസ്ഥാനമോ നിർമ്മിച്ചിട്ടുള്ളതല്ലാത്ത ടാങ്കുകളും ഉൾപ്പെടുന്നതല്ല.

(എക്സ്) 'ഭൂമി കൈവശക്കാരൻ' എന്നാൽ ഏതെങ്കിലും ജലസേചന സംവിധാനത്തിന്റെ ജലസേചന യോഗ്യമായ കമാന്റ് ഏരിയായിലുള്ള ഏതെങ്കിലും ഭൂമിയുടെ ഉടമസ്ഥൻ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമാനുസൃത കൈവശക്കാരൻ—അപ്രകാരം സർക്കാർ രേഖകളിൽ രേഖപ്പെടുത്തപ്പെട്ടവർ—എന്നർത്ഥമാകുന്നു.

(വൈ) "ലിഫ്റ്റ് ഇറിഗേഷൻ സംരംഭം" എന്നാൽ പമ്പ്സെറ്റുകളുടേയോ മറ്റ് യന്ത്രോപകരണങ്ങളുടേയോ സഹായത്തോടുകൂടി കാർഷികാവശ്യങ്ങൾക്കായി ജലം വിതരണം ചെയ്യുകയോ വറ്റിക്കുകയോ ചെയ്യുന്നതിനുള്ള ഒരു ജലസേചന സംരംഭം എന്നർത്ഥമാകുന്നു;

(ഇസഡ്) "തദ്ദേശാധികാരസ്ഥാനം" എന്നാൽ **1994**-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (**1994**-ലെ **20**) പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റിയെന്നോ **1994**-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (**1994**-ലെ **13**) പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്തെന്നോ അർത്ഥമാകുന്നു;

(എഎ) "പരിപാലനം" എന്നാൽ ജലസേചന സംവിധാനത്തിൽ നിലവാരത്തിനനുസരിച്ച് രൂപകൽപ്പന ചെയ്ത ഭൗതിക സംവിധാനം, കമാൻഡ് ഏരിയായിലെ ഭൂമി കൈവശക്കാർക്ക് ശരിയായ രീതിയിൽ ജലവിതരണം നടത്താനായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ ജോലികളുടെ നിർവ്വഹണം എന്നർത്ഥമാകുന്നു;

(എബി) "വൻകിട ജലസേചന പദ്ധതി" എന്നാൽ പതിനായിരം ഹെക്ടറിൽ കവിയുന്ന ജലസേചന യോഗ്യമായ കമാന്റ് ഏരിയായ്ക്ക് പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി എന്നർത്ഥമാകുന്നു;

(എസി) “വൻകിട ജലസേചന സംരംഭം” എന്നതിൽ പതിനായിരം ഹെക്ടറിൽ കവിയുന്ന ഭൂമിയുടെ കൃഷിയോഗ്യമായ പ്രദേശത്തിന്റെ ജലസേചനത്തിനോ ജലം ഒഴുക്കിക്കളയുന്നതിനോ സംരക്ഷണത്തിനോ ഉപയുക്തമായ ഏതെങ്കിലും ജലസേചന സംരംഭവും വൻകിട ജലസേചന സംരംഭമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മറ്റേതൊരു ജലസേചന സംരംഭവും ഉൾപ്പെടുന്നതും എന്നാൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സംരംഭം ഉൾപ്പെടാത്തതുമാകുന്നു;

(എഡി) “ഇടത്തരം ജലസേചന പദ്ധതി” എന്നാൽ പതിനഞ്ച് ഹെക്ടറിൽ കൂടുതലും എന്നാൽ പതിനായിരം ഹെക്ടറിൽ കുറഞ്ഞതുമായ ജലസേചനയോഗ്യമായ കമാന്റ് ഏരിയായ്ക്ക് പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി എന്നർത്ഥമാകുന്നു;

(എഇ) “ഇടത്തരം ജലസേചന സംരംഭം” എന്നതിൽ പതിനഞ്ച് ഹെക്ടറും അതിൽ കൂടുതലും പതിനായിരം ഹെക്ടറിൽ കവിയാത്തതുമായ ഭൂമിയുടെ കൃഷിയോഗ്യമായ പ്രദേശത്തിന്റെ ജലസേചനത്തിനോ ജലം ഒഴുക്കിക്കളയുന്നതിനോ സംരക്ഷണത്തിനോ ഉപയുക്തമായ ഏതെങ്കിലും ജലസേചന സംരംഭവും ഒരു ലിഫ്റ്റ് ഇറിഗേഷൻ സംരംഭവും ഉൾപ്പെടുന്നതാകുന്നു;

(എഎഫ്) “ചെറുകിട ജലസേചന പദ്ധതി” എന്നാൽ പതിനഞ്ച് ഹെക്ടറിൽ കവിയാത്ത, ജലസേചനയോഗ്യമായ കമാന്റ് ഏരിയായ്ക്ക് പ്രയോജനം ചെയ്യുന്ന എല്ലാ ചെറുകിട പദ്ധതികളും എന്നർത്ഥമാകുന്നു;

(എജി) “ചെറുകിട ജലസേചന സംരംഭം” എന്നതിൽ പതിനഞ്ച് ഹെക്ടറിൽ കവിയാത്തതും കൃഷിയോഗ്യമായ പ്രദേശത്തിന്റെ ജലസേചനത്തിനോ, ജലം ഒഴുക്കിക്കളയുന്നതിനോ, സംരക്ഷണത്തിനോ ഉപയുക്തമായ ഏതെങ്കിലും ജലസേചന സംരംഭം ഉൾപ്പെടുന്നതും എന്നാൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സംരംഭം ഉൾപ്പെടാത്തതുമാകുന്നു;

(എഎച്ച്) “വിജ്ഞാപനം” എന്നാൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഐ) “വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം” എന്നാൽ ഏതെങ്കിലും പ്രത്യേക ആവശ്യത്തിലേക്കായി സർക്കാർ വിജ്ഞാപനം ചെയ്ത പ്രദേശം എന്നർത്ഥമാകുന്നു;

(എജെ) “നിർണ്ണയിക്കപ്പെട്ട” എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എകെ) “പുഞ്ച സ്പെഷ്യൽ ഓഫീസർ” എന്നാൽ ഈ ആക്റ്റിലെ 31-ാം വകുപ്പുപ്രകാരം സർക്കാർ നിയമിച്ച ഒരു ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു ;

(എൽ) “അഴിമുഖം” എന്നാൽ നദി കടലിൽ ചേരുന്നിടത്തെ നദിയുടെ ഭാഗം എന്നർത്ഥമാകുന്നു;

[1][(എഎൽഎ) ‘ഷെഡ്യൂൾഡ് ഡാം’ എന്നാൽ 2-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഡാം അല്ലെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ ഷെഡ്യൂൾഡ് ഡാമായി വിജ്ഞാപനം ചെയ്തേക്കാവുന്ന ഏതെങ്കിലും ഡാം എന്നർത്ഥമാകുന്നു;]

(എഎം) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്ന അർത്ഥമാകുന്നു;

(എഎൻ) “നീരൊഴുക്ക്” എന്നാൽ ഒരു താഴ്‌വരയിൽ കൂടിയല്ലാതെ ഒരു താൽക്കാലിക ചാനലിൽകൂടി ഒഴുകുന്ന നീരൊഴുക്ക് എന്നർത്ഥമാകുന്നു;

(എഒ) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് "തഹശീൽദാർ” എന്നാൽ ആ ഭൂമി സ്ഥിതിചെയ്യുന്ന താലൂക്കിലെ തഹശീൽദാർ എന്നർത്ഥമാകുന്നതും ഒരു സ്പെഷ്യൽ തഹശീൽദാർ ഉൾപ്പെടുന്നതുമാകുന്നു;

(എപി) ഏതെങ്കിലും ജലസേചന സംവിധാനത്തെ സംബന്ധിച്ച് "ജലം പങ്കുവയ്ക്കാൻ” എന്നാൽ ഒരു ക്ഷമതയുള്ള അധികാരസ്ഥാനം കാലാകാലങ്ങളിൽ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ജലത്തിന്റെ വിതരണം എന്നർത്ഥമാകുന്നു;

(എക്യൂ) “ജലപ്രവാഹം” എന്നാൽ ഒരു സ്വകാര്യ ഭൂമിയിൽ ഉള്ളതൊഴികെ ഒരു നദി, അരുവി, നീരുറവ, ചാനൽ, തടാകം അഥവാ ഏതെങ്കിലും പ്രകൃതിദത്തമായ ജലശേഖരം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും നദിയുടെയോ, അരുവിയുടെയോ, നീരുറവയുടെയോ, ചാനലിന്റെയോ പോഷകനദിയോ, ശാഖയോ ഉൾപ്പെടുന്നതുമാകുന്നു;

(എആർ) “ജല ഉപയോക്താവ്” എന്നാൽ ഏതെങ്കിലും ആവശ്യത്തിന് സർക്കാരിന്റെ ജലസേചന സ്രോതസ്സിൽ നിന്നും ജലം ഉപയോഗിക്കുന്ന ഏതെങ്കിലും വ്യക്തിയോ, ഏകാംഗീകൃതനികായമോ, ഒരു സംഘമോ ഒരു സ്ഥാപനമോ അസോസിയേഷനോ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം II

1. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2006 മാർച്ച് 18-ാം തീയതി പ്രാബല്യത്തിൽ വന്നു.)

## ജലപ്രവാഹങ്ങളിലെ ജലസംരക്ഷണം

3. ജലപ്രവാഹങ്ങളും ജലപ്രവാഹങ്ങളിലെ ജലവും സർക്കാരിന്റെ സ്വത്തായിരിക്കുമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അഥവാ ഏതെങ്കിലും ആചാരത്തിലോ കീഴ്‌വഴക്കത്തിലോ അഥവാ ഏതെങ്കിലും കരാറിലോ, മറ്റ് പ്രമാണത്തിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) 208-ാം വകുപ്പിലെയും വ്യവസ്ഥകൾക്കുവിധേയമായി, സംസ്ഥാനത്തിലെ എല്ലാ ജലപ്രവാഹങ്ങളും അങ്ങനെയുള്ള ജലപ്രവാഹങ്ങളിലെ മുഴുവൻ ജലവും സർക്കാരിന്റെ സ്വത്തായിരിക്കുന്നതും, സർക്കാരിന്, ജലസേചനത്തിന്റെയും, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും അഥവാ രണ്ടിന്റെയും ആവശ്യങ്ങളിലേക്ക് അങ്ങനെയുള്ള ജലപ്രവാഹങ്ങളും, അപ്രകാരമുള്ള എല്ലാ ജലപ്രവാഹങ്ങളിലെ ജലവും സംരക്ഷിക്കുന്നതിനും ഉപയോഗം നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

4. ജലപ്രവാഹത്തിൽനിന്നും ജലം എടുക്കുന്നതിനുള്ള നിയന്ത്രണം.—(1) ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, യാതൊരാളോ ഏജൻസിയോ മൊത്തം പ്രവർത്തനശേഷി അഞ്ച് കുതിരശക്തിയിൽ കൂടുതലുള്ള ഏതെങ്കിലും യന്ത്രോപകരണമോ വൈദ്യുതോപകരണമോ അഥവാ ഏതെങ്കിലും ഹോസോ പൈപ്പോ മറ്റു സമാന ഉപകരണമോ സ്ഥാപിച്ചോ മറ്റേതെങ്കിലും വിധത്തിലോ ഇതിലേക്ക് ഗവൺമെന്റ് അധികാരപ്പെടുത്തിയ ഏത് ഉദ്യോഗസ്ഥന്റെ അധികാരപരിധി ക്കകത്താണോ ജലമെടുക്കുന്നതിന് അങ്ങനെയുള്ള ഉപകരണം സ്ഥാപിച്ചിട്ടുള്ളത് ആ ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടും നിർണ്ണയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും അപ്രകാരമുള്ള ഫീസ് നൽകിയും അല്ലാതെ, ഒരു ജലപ്രവാഹത്തിൽനിന്നും ജലം എടുക്കാൻ പാടുള്ളതല്ല.

എന്നാൽ, ഈ ഉപവകുപ്പുപ്രകാരമുള്ള ഒരു പെർമിറ്റ് വാങ്ങുന്നതിന് കേരള വാട്ടർ അതോറിറ്റിയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം അനുവാദം നിരസിക്കപ്പെട്ട ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കോ, അല്ലെങ്കിൽ, ഏജൻസിക്കോ നിർണ്ണയിച്ചേക്കാ വുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും കളക്ടർക്ക് അപ്പീൽ നൽകാവുന്നതും, കളക്ടർ അപ്പീൽവാദിയേയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനേയും കേട്ടശേഷം, അപ്പീലിൻമേൽ അദ്ദേഹത്തിന് യുക്തമെന്ന്

തോന്നുന്ന ഉത്തരവ്, അപ്പീൽ സ്വീകരിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളോ (2)-ാം ഉപവകുപ്പിൻ കീഴിൽ കളക്ടർ പുറപ്പെടുവിച്ച ഉത്തരവോ ലംഘിച്ചുകൊണ്ട് ഒരു ജലപ്രവാഹത്തിൽനിന്നും ഏതെങ്കിലും ആൾ ജലം എടുക്കുന്നപക്ഷം (1)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ, അങ്ങനെയുള്ള ലംഘനത്തിന്റെ പേരിൽ എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗം കൂടാതെ, ജലം എടുക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും ഉപകരണം സ്ഥാപിച്ചിട്ടുള്ള വസ്തുവിലോ സ്ഥലത്തോ പരിസരങ്ങളിലോ പ്രവേശിക്കുന്നതിനും അങ്ങനെയുള്ള ഉപകരണം നീക്കംചെയ്യുന്നതിനോ, നീക്കംചെയ്യിക്കുന്നതിനോ, അതോടൊപ്പം ജലമെടുക്കുന്നത് തടയുന്നതിന് അങ്ങനെയുള്ള ഉപകരണം കണ്ടുകെട്ടേണ്ടത് ആവശ്യമാണെന്ന് തനിക്ക് ബോദ്ധ്യമാകുന്നപക്ഷം, കണ്ടുകെട്ടുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരോ അവർ അതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ (3)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ മേൽനോട്ടത്തിൽ എന്തെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ശിക്ഷണ നടപടികൾക്ക് വിധേയരാകുന്നതുമാണ്.

5. <u>ജലസംഭരണികൾ, അണക്കെട്ടുകൾ മുതലായവയുടെ നിർമ്മാണത്തിനുള്ള നിയന്ത്രണം</u>.—(1) യാതൊരാളോ അല്ലെങ്കിൽ ഏജൻസിയോ അല്ലെങ്കിൽ തദ്ദേശാധികാരസ്ഥാനമോ സർക്കാരിന്റെയോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്താവുന്ന അധികാരസ്ഥാനത്തിന്റെയോ മുൻകൂട്ടിയുള്ള അനുമതിയോടും, സർക്കാരോ അങ്ങനെയുള്ള അധികാരസ്ഥാനമോ ചുമത്താവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായിട്ടും അല്ലാതെ ഏതെങ്കിലും ജലപ്രവാഹത്തിൽ നിന്നും ജലം തിരിച്ചുവിടുന്ന ആവശ്യത്തിലേക്കായി ആ ജലപ്രവാഹത്തിലോ അതിന് കുറുകെയോ ഏതെങ്കിലും ജലസംഭരണിയോ അണക്കെട്ടോ അല്ലെങ്കിൽ അണയോ മറ്റേതെങ്കിലും സ്ഥിര എടുപ്പോ, നിർമ്മിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും എടുപ്പ് നിർമ്മിച്ചിട്ടുള്ളിടത്ത് സർക്കാരിനോ ആ ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനോ അങ്ങനെയുള്ള ലംഘനത്തിന് എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്കും ഭംഗം വരാതെ, അങ്ങനെയുള്ള എടുപ്പ് നീക്കം ചെയ്യുകയോ നീക്കം ചെയ്യിക്കുകയോ ചെയ്യുന്നതിനും അങ്ങനെയുള്ള

നിർമ്മാണത്തിന് ഉത്തരവാദിയായ ആളിൽനിന്നോ ആളുകളിൽനിന്നോ അങ്ങനെ നീക്കം ചെയ്തതിന്റെ ചെലവ് വസൂലാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

**6.** നദികളുടെ ഗതിമാറ്റത്തിനും, പരസ്പര നദീതട ജല കൈമാറ്റം മുതലായവയ്ക്കുള്ള നിയന്ത്രണം.—**(1)** യാതൊരാളോ ഏജൻസിയോ ഒരു തദ്ദേശാധികാരസ്ഥാനമോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനമോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെ ഏതെങ്കിലും നദി ഗതി മാറ്റുകയോ രണ്ടോ അതിലധികമോ നദികൾ കൂട്ടിയോജിപ്പിക്കുകയോ അങ്ങനെയുള്ള നദികളിൽ നിന്നും പരസ്പര നദീതട ജല കൈമാറ്റം നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

**(2)** ഒരു നദിയിലോ അതിനു കുറുകെയോ, അങ്ങനെയുള്ള നദി ഗതി മാറ്റിവിടുന്നതിന്റെയോ തമ്മിൽ യോജിപ്പിക്കുന്നതിന്റെയോ ആവശ്യത്തിലേക്കായി ഏതെങ്കിലും എടുപ്പ് നിർമ്മിച്ചിട്ടുള്ളിടത്ത്, സർക്കാരിനോ അല്ലെങ്കിൽ സർക്കാർ ഇതിന്റെ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അത്തരം എടുപ്പ് നീക്കം ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിന്റെ ചെലവ് അത്തരം നിർമ്മാണത്തിനുത്തരവാദിയായ ആളിൽ നിന്നോ അധികാരസ്ഥാനത്തിൽ നിന്നോ ഈടാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

**7.** ജലപ്രവാഹങ്ങളിൽ മണൽ വാരുന്നതിനുള്ള നിരോധനം.—യാതൊരാളും, ജലസേചനത്തിനുദ്ദേശിച്ചുള്ളതും സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, സംരക്ഷണത്തിലോ ഉള്ളതുമായ ഏതെങ്കിലും അണക്കെട്ടിൽനിന്നോ ചെക്ക്ഡാമിൽനിന്നോ ജലസംഭരണിയിൽ നിന്നോ ഒരു ജലപ്രവാഹത്തിലോ അതിനു കുറുകെയോ ഉള്ള മറ്റേതെങ്കിലും എടുപ്പുകളിൽ നിന്നോ അല്ലെങ്കിൽ നിർമ്മാണത്തിൽനിന്നോ അഞ്ഞൂറുമീറ്റർ ദൂരത്തിനുള്ളിൽ വരുന്ന ജലപ്രവാഹത്തിന്റെ ഏതെങ്കിലും പ്രദേശത്തുനിന്നും മണൽ വാരാൻ  പാടുള്ളതല്ല.

എന്നാൽ, ജലസംഭരണിയിൽ നിന്നോ ഒരു അണക്കെട്ടിന്റെയോ ചെക്ക് ഡാമിന്റെയോ ജലപ്പരപ്പു പ്രദേശത്തു നിന്നോ, അങ്ങനെയുള്ള അണക്കെട്ടിന്റെയോ ചെക്ക് ഡാമിന്റെയോ സംരക്ഷണത്തിനായി, ജലവിഭവ വകുപ്പിന് എക്കലും മണലും ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഈ വകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.

## അദ്ധ്യായം III

## ജലസേചന സംരംഭങ്ങളുടെ നിർമ്മാണവും അവയുടെ തരംതിരിക്കലും

**8.** <u>സർക്കാർ നടത്തുന്ന ജലസേചന സംരംഭങ്ങളുടെ നിർമ്മാണവും പ്രവർത്തനാരംഭവും.</u>—**(1)** പൊതുജന താൽപ്പര്യത്തിന് ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള ഒരു ജലസേചന സംരംഭം നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നിടത്ത്, അങ്ങനെയുള്ള ജലസേചന സംരംഭത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രദേശം വിനിർദ്ദേശിച്ചുകൊണ്ട് തങ്ങളുടെ ഉദ്ദേശ്യം വിജ്ഞാപനംമൂലം സർക്കാരിന് പ്രഖ്യാപിക്കാവുന്നതാണ്.

**(2)** സർക്കാർ നിർമ്മിച്ച ഒരു ജലസേചന സംരംഭം ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനമാരംഭിക്കണമെന്ന് അവർ കരുതുന്നിടത്ത് സർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള വിവരങ്ങൾ അടങ്ങിയ, ഒരു വിജ്ഞാപനം അതിനായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**9.** <u>ജലസേചന സംരംഭങ്ങളുടെ നിർമ്മാണാനന്തര ഫലങ്ങൾ.</u>—**(1)** ഒരു ജലപ്രവാഹത്തിലെ ജലം ഉപയോഗിക്കുന്നതിനുവേണ്ടി ഒരു ജലസേചന സംരംഭം സർക്കാർ നിർമ്മിക്കുന്നിടത്ത്,

(എ) അങ്ങനെയുള്ള ജലസേചന സംരംഭത്തിന്റെ അങ്ങനെയുള്ള ജലപ്രവാഹത്തിലെയും മുകളിലേക്കുള്ള അതിന്റെ എല്ലാ പോഷക നദികളിലെയും ശാഖകളിലെയും മുഴുവൻ ജലവും പൊതുജന ആവശ്യത്തിന് യോജിക്കാവുന്ന പ്രകാരമുള്ള രീതിയിൽ ക്രമീകരിക്കുന്നതിനും, ഉപയോഗിക്കുന്നതിനും, സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്;

(ബി) യാതൊരാളോ ഏജൻസിയോ, സർക്കാരിന്റെയോ, സർക്കാർ അതിലേക്കായി അധികാരപ്പെടുത്താവുന്ന അധികാരസ്ഥാനത്തിന്റെയോ അനുവാദം കൂടാതെ, അങ്ങനെയുള്ള ജലപ്രവാഹത്തിലെ ജലത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയോ, വ്യതിയാനം വരുത്തുകയോ, കുറയ്ക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ തടസ്സപ്പെടുത്താനോ വ്യതിയാനം വരുത്താനോ കുറയ്ക്കാനോ ഇടയുള്ളതോ ആയ യാതൊന്നും ചെയ്യുവാൻ പാടുള്ളതല്ല;

(സി) യാതൊരാളോ ഏജൻസിയോ, നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള അധികാരസ്ഥാനം നൽകിയിട്ടുള്ള ഒരു ലൈസൻസ് പ്രകാരവും അതിലെ നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായും അല്ലാതെ, സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ സംരക്ഷണയിലോ ഉള്ള ഏതെങ്കിലും ജലസേചന സംരംഭത്തിൽനിന്നും ഗാർഹിക ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ജലം ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ (സി) ഖണ്ഡപ്രകാരം നൽകിയിട്ടുള്ള ഒരു ലൈസൻസ് ജലസേചനസംരംഭത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചേക്കാമെന്ന് നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടുന്നിടത്ത്, അത് ദോഷകരമായി ബാധിക്കുന്ന ആളിന് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയശേഷം, അദ്ദേഹത്തിന് പ്രസ്തുത ലൈസൻസ് പരിഷ്കരിക്കുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

10. <u>നാശനഷ്ടത്തിനും മറ്റും തുക നൽകൽ</u>.—(1) സർക്കാർ ഒരു ജലസേചന സംരംഭം നിർമ്മിച്ചതോ, ഈ ആക്റ്റിനാലോ അത് പ്രകാരമോ സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചതോ ആയ കാരണത്താൽ ഏതെങ്കിലും ആൾക്ക് തന്റെ ഭൂമിയിൽ ജലസേചനം നടത്താനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ജലപ്രവാഹം ഉപയോഗിക്കാനുള്ള നദീതീരഭൂമി സംബന്ധമായ അയാളുടെ അവകാശം ഇല്ലാതാക്കുകയോ ലംഘിക്കുകയോ ചെയ്തതുമൂലം സാരമായി നാശനഷ്ടം സഹിക്കേണ്ടിവന്നാൽ അങ്ങനെയുള്ള നാശനഷ്ടത്തിന് ഒരു തുക നൽകേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപുള്ള രണ്ട് വർഷക്കാലം നദീതീരഭൂമി സംബന്ധമായ തന്റെ അവകാശം വിനിയോഗിക്കാത്ത ഒരാൾക്ക് ഈ ഉപവകുപ്പുപ്രകാരം യാതൊരു തുകയും നൽകേണ്ടതില്ല:

എന്നുമാത്രമല്ല, അവകാശം വിനിയോഗിക്കാതിരിക്കുന്നത് അയാളുടേതല്ലാത്ത കുറ്റം കൊണ്ടാണെങ്കിൽ ഈ ഉപവകുപ്പുപ്രകാരമുള്ള യാതൊരു തുകയും ഒരാളിന് നിഷേധിക്കാൻ പാടുള്ളതല്ല:

എന്നുതന്നെയുമല്ല, ഒരാൾക്ക്, അയാൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ഈ ഉപവകുപ്പുപ്രകാരമുള്ള യാതൊരു തുകയും നൽകുന്നത് നിഷേധിക്കാൻ പാടുള്ളതല്ല.

(2) താഴെപ്പറയുന്ന സംഗതികൾക്ക് ജലം ഉപയോഗിച്ചിരുന്നിടത്ത്, (1)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ട തുക,—

(എ) ഭൂമിയുടെ ജലസേചനത്തിന്റെ ആവശ്യത്തിന് അങ്ങനെയുള്ള ഇല്ലാതാക്കലിന്റെയോ ലംഘനത്തിന്റെയോ ഫലമായി സംഭവിച്ചതോ സംഭവിക്കാൻ ഇടയുള്ളതോ ആയ വാർഷികനഷ്ടത്തിന്റെ പത്തിരട്ടിയായും;

(ബി) മറ്റേതൊരു ആവശ്യത്തിനും, അങ്ങനെയുള്ള ഇല്ലാതാക്കലോ, ലംഘനമോമൂലം സംഭവിച്ചതോ സംഭവിക്കാൻ ഇടയുള്ളതോ ആയ വാർഷിക നഷ്ടത്തിന്റെ അഞ്ചിരട്ടിയായും;

കണക്കാക്കേണ്ടതാണ്.

(3) ഈ വകുപ്പുപ്രകാരമുള്ള എല്ലാ അവകാശവാദവും ഏത് നദീതീര ഭൂമി സംബന്ധമായ അവകാശമാണോ ഇല്ലാതാക്കുകയോ ലംഘിക്കുകയോ ചെയ്തത്, ആ ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലത്ത് അധികാരിതയുള്ള കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(4) കളക്ടർ, തനിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണത്തിനും അവകാശവാദിക്ക് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനും ശേഷം ഒരു ഉത്തരവുമൂലം, അവകാശവാദിക്ക് തുക എന്തെങ്കിലും നൽകേണ്ടതുണ്ടെങ്കിൽ ആ തുക ബന്ധപ്പെട്ട ഇറിഗേഷൻ ഓഫീസറുമായും അഗ്രിക്കൾച്ചറൽ ഓഫീസറുമായും കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.

**11.** <u>അവകാശവാദം ഉന്നയിക്കുന്നതിനുള്ള തടസ്സം</u>.—**8**-ാം വകുപ്പ് **(1)**-ാം ഉപവകുപ്പുപ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ ഒരു വർഷത്തിനുശേഷം **10**-ാം വകുപ്പുപ്രകാരം ഉന്നയിക്കുന്ന യാതൊരു അവകാശവാദവും പരിഗണിക്കാൻ പാടില്ലാത്തതാകുന്നു.

എന്നാൽ, മേൽപ്പറഞ്ഞ ഒരു വർഷത്തിനകം അവകാശം ഉന്നയിക്കുന്നതിൽനിന്നും അവകാശവാദി മതിയായ കാരണങ്ങളാൽ തടയപ്പെട്ടിരുന്നു എന്ന് കളക്ടർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന് പ്രസ്തുത കാലാവധി കഴിഞ്ഞതിനുശേഷം തൊണ്ണൂറു ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതാണ്.

**12.** <u>അപ്പീൽ</u>.—**10**-ാം വകുപ്പ് **(4)**-ാം ഉപവകുപ്പുപ്രകാരമുള്ള കളക്ടറുടെ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും, ഉത്തരവുലഭിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം നിർണ്ണയിച്ചേക്കാവുന്ന ഫാറത്തിലും അങ്ങനെയുള്ള രീതിയിലും ഇതിലേക്കായി സർക്കാർ രൂപീകരിച്ച ഒരു കമ്മിറ്റി മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പീൽ ലഭിച്ച തീയതി മുതൽ ആറുമാസ കാലാവധിക്കുള്ളിൽ കമ്മിറ്റി അപ്പീലിൻമേൽ തീരുമാനമെടുക്കേണ്ടതും അതിൻമേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

എന്നാൽ, പ്രസ്തുത കാലാവധിക്കകം അപ്പീൽ ബോധിപ്പിക്കാതിരിക്കുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അതിന്, മേൽപ്പറഞ്ഞ കാലാവധിയായ തൊണ്ണൂറുദിവസത്തിനു ശേഷം ബോധിപ്പിക്കുന്ന അപ്പീൽ സ്വീകരിക്കാവുന്നുതും, എന്നാൽ ഒരു സംഗതിയിലും

അപ്പീലിന് ആധാരമായ ഉത്തരവ് കൈപ്പറ്റുന്ന തീയതി മുതൽ ആറുമാസത്തിനുശേഷം അങ്ങനെയുള്ള യാതൊരു അപ്പീലും സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

**13.** ജലസേചന സംരംഭങ്ങളുടെ ഭരമേൽപ്പിക്കൽ.—(1) സർക്കാരിന് അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണ് എന്ന് തോന്നുന്ന സംഗതിയിൽ, അവർക്ക് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ഏതൊരു ജലസേചന സംരംഭത്തിന്റെയും നിർമ്മാണമോ പരിപാലനമോ രണ്ടും കൂടിയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തെയോ, സഹകരണ സംഘത്തെയോ, കർഷകരുടെ മറ്റേതെങ്കിലും സംഘത്തെയോ, ആ ജലസേചന സംരംഭംമൂലം ഗുണം സിദ്ധിക്കുന്ന മറ്റേതെങ്കിലും ഏകാംഗീകൃത നികായത്തെയോ ഭരമേൽപ്പിക്കാവുന്നതും ഏതു സമയത്തും, അങ്ങനെയുള്ള സംരംഭം തിരികെ ഏറ്റെടുക്കാവുന്നതുമാണ്.

എന്നാൽ, ഒരു തദ്ദേശാധികാരസ്ഥാനത്തിനെയോ സഹകരണസംഘത്തെയോ കർഷകസംഘത്തെയോ ഏകാംഗീകൃത നികായത്തെയോ ഭരമേൽപ്പിച്ചിട്ടുള്ള യാതൊരു സംരംഭവും പ്രസ്തുത തദ്ദേശാധികാര സ്ഥാനത്തിനോ സഹകരണ സംഘത്തിനോ മറ്റേതെങ്കിലും സംഘത്തിനോ ഏകാംഗീകൃത നികായത്തിനോ പറയാനുള്ളത് പറയാൻ ഒരു അവസരം നൽകാതെ തിരികെ ഏറ്റെടുക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും പണി ഭരമേൽപ്പിച്ചിട്ടുള്ള തദ്ദേശാധികാരസ്ഥാനമോ സഹകരണ സംഘമോ കർഷകരുടെ മറ്റ് സംഘമോ മറ്റേതെങ്കിലും ഏകാംഗീകൃത നികായമോ അങ്ങനെയുള്ള സംരംഭത്തിന്റെ പൂർത്തീ കരണത്തിനു ശേഷമുള്ള സംരക്ഷണവും പരിപാലനവും യഥാവിധിയുള്ള ഉടമ്പടി പ്രകാരം ഏറ്റെടുക്കേണ്ടതും അത്തരം ഉടമ്പടികൾ യഥാവിധിയുള്ള ഉടമ്പടി പ്രകാരം ഏറ്റെടുക്കേണ്ടതും അത്തരം ഉടമ്പടികൾ പാലിക്കുന്നതിൽ, അതതു സംഗതിപോലെ, തദ്ദേശാധികാരസ്ഥാനമോ സഹകരണ സംഘമോ കർഷകരുടെ മറ്റു സംഘമോ അല്ലെങ്കിൽ മറ്റ് നികായമോ പരാജയപ്പെടുന്നപക്ഷം നഷ്ടം എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനോ ആയത് തുടർന്ന് സംരക്ഷിക്കുന്നതിനുവേണ്ടി വകുപ്പിനുണ്ടാകുന്ന ചെലവിനോ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ ഉത്തരവാദിയായിരിക്കുന്നതും അങ്ങനെയുള്ള നഷ്ടമോ സംരക്ഷണ ചെലവോ അവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിന് "സഹകരണസംഘം” എന്ന പ്രയോഗത്തിന്, 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നതും "മറ്റ് സംഘം” എന്ന പ്രയോഗത്തിന്, അതത് സംഗതിപോലെ,

1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം കേന്ദ്ര ആക്ട്) പ്രകാരമോ, 1955-ലെ തിരുവിതാംകൂർ-കൊച്ചി-സാഹിത്യശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് (1955-ലെ 12) പ്രകാരമോ രജിസ്റ്റർ ചെയ്ത ഒരു സംഘം എന്ന് അർത്ഥമാകുന്നതുമാണ്.

14. ചെറുകിട ജലസേചന സംരംഭങ്ങളുടെ നിർമ്മാണം.—(1) ഒരു തദ്ദേശാധികാര സ്ഥാനത്തിന്റെ പരിധിക്കുള്ളിൽ വരുന്ന എല്ലാ ചെറുകിട ജലസേചന സംരംഭങ്ങളുടെ നിർമ്മാണവും പരിപാലനവും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾക്ക് വിധേയമായി ആ അധികാര സ്ഥാനത്തിലേക്ക് വന്നുചേരുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു തദ്ദേശാധികാരസ്ഥാനത്തിൽ വന്നുചേർന്നിട്ടുള്ള ഏതെങ്കിലും ചെറുകിട ജലസേചന സംരംഭത്തിന്റെ നിർമ്മാണവും പരിപാലനവും നടത്താൻ അത് അപ്രാപ്തമാകുന്നിടത്ത് സർക്കാരിന്, തദ്ദേശാധികാര സ്ഥാനത്തിന്റെ രേഖാമൂലമുള്ള അപേക്ഷയിൻമേൽ അങ്ങനെയുള്ള സംരംഭം നടത്തുകയോ അല്ലെങ്കിൽ അതിന് വിനിർദ്ദേശിക്കാവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, 13-ാം വകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും സംഘത്തെ ഭരമേൽപ്പിക്കുകയോ ചെയ്യാവുന്നതാണ്.

## അദ്ധ്യായം IV

## ഫീൽഡ് ചാനലുകളുടെ നിർമ്മാണവും പരിപാലനവും

15. ഫീൽഡ് ചാനലുകളുടെ ഏകരേഖണവും നിർമ്മാണവും.—ഏതൊരു ഫീൽഡ് ചാനലിന്റെയും ഏകരേഖണത്തിനും നിർമ്മാണത്തിനും അതിന്റെ സാങ്കേതിക വിവരണത്തിനും ഉള്ള ഉത്തരവാദിത്വം സർക്കാരിനായിരിക്കുന്നതാണ്.

16. ഭൂവുടമകൾ ഫീൽഡ് ചാനൽ പരിപാലിക്കണമെന്ന്.—ഫീൽഡ് ചാനലുകളുടെ പരിപാലനത്തിന്റെയും അവയിലൂടെ ജലം കൊണ്ടുപോകുന്നതിന്റെയും ഉത്തരവാദിത്വം അങ്ങനെയുള്ള ചാനലുകളിൽ നിന്നും ഗുണം ലഭിക്കുന്ന ഭൂവുടമകൾക്കായിരിക്കുന്നതാണ്.

17. വാട്ടർ യൂസേഴ്സ് അസോസിയേഷനാൽ ഫീൽഡ് ചാനലുകളുടെ പരിപാലനം.—49-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ഓരോ വാട്ടർ യൂസേഴ്സ് അസോസിയേഷനും 16-ാം വകുപ്പിന് വിധേയമായി, അവരുടേതായ പ്രവർത്തന മേഖലയിലുള്ള ഫീൽഡ് ചാനലുകൾ ജലഗമനത്തിന് അനുയോജ്യമായി പരിപാലിക്കുന്നതിന് ബാദ്ധ്യസ്ഥരാണ്.

**18.** ഫീൽഡ് ചാനലുകളുടെ പരിപാലനം.—(1) ഭൂവുടമകൾ ഫീൽഡ് ചാനലുകൾ പരിപാലിക്കുന്നതിൽ വിഴ്ച വരുത്തുന്നിടത്ത് അത്തരം ഭൂവുടമകളുടെ ഭൂമിയിൽ ശരിയായ ജലസേചനത്തിന് ഫീൽഡ് ചാനലിന്റെ പരിപാലനം ആവശ്യമാണെന്ന് ഇറിഗേഷൻ ആഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അദ്ദേഹം നോട്ടീസുമൂലം അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന സമയത്തിനുള്ളിലും രീതിയിലും ബന്ധപ്പെട്ട ഭൂവുടമകളോട് ഫീൽഡ് ചാനലുകൾ പരിപാലിക്കുന്നതിന് ആവശ്യപ്പെടേണ്ടതാകുന്നു.

**19.** സർക്കാർ ദ്രുതഗതിയിൽ ഫീൽഡ് ചാനലുകൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമം.—(1) ഇറിഗേഷൻ ഓഫീസർ ഗുണഭോക്താക്കളുമായോ തദ്ദേശാധികാരസ്ഥാനവുമായോ കൂടിയാലോചിച്ച് ഫീൽഡ് ചാനലുകൾക്ക് അനുയോജ്യമായ ഏകരേഖണം തീരുമാനിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതിന്റെ നിർമ്മാണത്തിന് ആവശ്യമെന്ന് അദ്ദേഹം കരുതുന്ന ഭൂമി അടയാളപ്പെടുത്തേണ്ടതും നിർണ്ണയിച്ചേക്കാവുന്ന രീതിയിലും അപ്രകാരമുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നോട്ടീസ് ഉടനെ പ്രസിദ്ധീകരിക്കേണ്ടതും ആണ്.

(2) ഇറിഗേഷൻ ഓഫീസർ അങ്ങനെയുള്ള ഭൂമി സ്ഥിതി ചെയ്യുന്ന വില്ലേജ് അഥവാ വില്ലേജുകളിലും തദ്ദേശാധികാരസ്ഥാനത്തിന്റെ ഓഫീസിലും നോട്ടീസിന്റെ പ്രസിദ്ധീകരണത്തിന് ഏർപ്പാട് ചെയ്യേണ്ടതും അതിൽ പറഞ്ഞിട്ടുള്ള ഭൂവുടമകൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.

(3) ഇറിഗേഷൻ ഓഫീസർ (2)-ാം ഉപവകുപ്പിൻകീഴിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം നോട്ടീസ് നൽകിയതിനുശേഷം ഭൂവുടമകളോട് അവർ സ്വയം പണി നടത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് നോട്ടീസ് നൽകിയ തീയതി മുതൽ ഒരു മാസത്തിനകം അറിയിക്കണമെന്ന് അദ്ദേഹത്തിന് അവരോട് ആവശ്യപ്പെടാവുന്നതും, അങ്ങനെയെങ്കിൽ പണി പൂർത്തിയാക്കേണ്ടത് ഏത് തീയതിക്കകമാണ് എന്നും നിർണ്ണയിച്ചേക്കാവുന്ന മറ്റ് വിവരങ്ങളും വ്യക്തമാക്കിക്കൊണ്ട് ഓരോ ഭൂവുടമയിൽ നിന്നും ഒരു സമ്മതപത്രം അദ്ദേഹത്തിന് വാങ്ങാവുന്നതുമാണ്.

(4) സമ്മതപത്രത്തിൽ വിനിർദ്ദേശിക്കപ്പെട്ട സമയത്തിനകം ഭൂവുടമകൾ അതത് സംഗതിപോലെ, ജോലി നിർവ്വഹിക്കാൻ ആഗ്രഹിക്കാത്തിടത്തോ ജോലിയോ ശേഷിക്കുന്ന ജോലിയോ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നിടത്തോ ആ ജോലി ഇറിഗേഷൻ ഓഫീസർ നടത്തേണ്ടതോ നടത്തിക്കേണ്ടതോ ആണ്.

(5) (4)-ാം ഉപവകുപ്പിൻ കീഴിൽ ഇറിഗേഷൻ ഓഫീസർ, അതത് സംഗതിപോലെ, നടത്തിയതോ നടത്തിച്ചതോ ആയ ജോലിയോ ശേഷിക്കുന്ന ഭാഗം

ജോലിയോ ഭൂവുടമകളുടെ സമ്മതത്തോടുകൂടി അദ്ദേഹം നടത്തിയതായി കരുതപ്പെടേണ്ടതാണ്.

അദ്ധ്യായം V

## സർട്ടിഫിക്കറ്റ് നൽകലും ജലസേചനക്കരം ചുമത്തലും

**20.** ഗുണം ലഭിച്ചിട്ടുള്ള ഭൂമിയുടെ വിവരണത്തിന്റെ പ്രസിദ്ധീകരണം.—(1) ഏതെങ്കിലും ജലസേചന സംരംഭത്തെ സംബന്ധിച്ച് 8-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം എത്രയും വേഗം ഇറിഗേഷൻ ഓഫീസർ, ആ ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ചിട്ടുള്ളതോ ഗുണം ലഭിക്കുവാൻ അർഹതയുള്ളതോ ആയ ഭൂമിയുടെയും അത്തരം ഭൂമിയിൽ ഉടമകൾ കൃഷി ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ വിളകളുടെ സ്വഭാവവും ആ ഭൂമിയിൽ സ്വീകരിച്ചിട്ടുള്ളതോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പൊതു വിളവെടുപ്പുരീതിയും കാണിച്ചുകൊണ്ട് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു വിവരണം തയ്യാറാക്കേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപ് പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനമാരംഭിച്ചിട്ടുള്ളതോ അങ്ങനെയുള്ള പ്രാരംഭത്തിനു മുൻപ്, സർക്കാർ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുത്തിട്ടുള്ളതോ ആയ ഒരു ജലസേചന സംരംഭത്തിന്റെ കാര്യത്തിൽ ഇറിഗേഷൻ ഓഫീസർ അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം കഴിയുന്നത്ര വേഗം അത്തരം ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ചിട്ടുള്ളതോ ഗുണം ലഭിക്കുവാൻ അർഹതയുള്ളതോ ആയ ഭൂമിയുടെ, (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിവരണം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ തയ്യാറാക്കേണ്ടതാണ്.

(3) ഇറിഗേഷൻ ഓഫീസർ, (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം തയ്യാറാക്കിയ വിവരണങ്ങളുടെ മതിയായ പകർപ്പുകൾ തഹശീൽദാർക്ക് അയയ്ക്കേണ്ടതും അനന്തരം തഹശീൽദാർ താലൂക്കാഫീസിലും ബന്ധപ്പെട്ട വില്ലേജാഫീസുകളിലും അത് പ്രസിദ്ധീകരിക്കേണ്ടതും വിവരണത്തിൽ ആ

ഭൂമിയുടെ ഉൾപ്പെടുത്തലിനെ സംബന്ധിച്ചും അവയുടെ വിശദവിവരങ്ങളെക്കുറിച്ചും ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ നോട്ടീസ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം തഹശീൽദാർ മുമ്പാകെ ഫയൽ ചെയ്യാൻ അവരോട് ആവശ്യപ്പെട്ടുകൊണ്ട് വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് നോട്ടീസ് നടത്തേണ്ടതുമാണ്.

എന്നാൽ, ഒരു ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ചിട്ടുള്ളതോ ഗുണം ലഭിക്കുവാൻ അർഹതയുള്ളതോ ആയ ഭൂമി ഒന്നിൽ കൂടുതൽ താലൂക്കുകളിൽ സ്ഥിതി ചെയ്യുന്നിടത്ത് ആ ഭൂമിയുടെ ഭൂരിഭാഗം സ്ഥിതി ചെയ്യുന്ന താലൂക്കിന്റെ തഹശീൽദാർക്ക് വിവരണം അയച്ചുകൊടുക്കേണ്ടതാണ്.

എന്നുമാത്രമല്ല അത്തരം ഭൂമിയുടെ ഭൂരിഭാഗം സ്ഥിതിചെയ്യുന്ന താലൂക്കിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ അത്തരം തർക്കം സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ഒരു നോട്ടീസിനെ തുടർന്നുള്ള ആക്ഷേപങ്ങൾ താഴെപ്പറയുന്ന ഒന്നോ അതിലധികമോ കാരണങ്ങളിൽ പരിമിതപ്പെടുത്തേണ്ടതാണ്, അതായത്,—

(എ) ജലസേചന സംരംഭം കൊണ്ട് ഗുണം ലഭിക്കാത്തതോ ഗുണം ലഭിക്കാൻ അർഹതയില്ലാത്തതോ ആയ ഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ ആയതുകൊണ്ട്;

(ബി) ഒരു ഭൂമിയുടെ ഉടമയായി കാണിച്ചിട്ടുള്ള ആൾ അതിന്റെ ഉടമയല്ലാത്തതുകൊണ്ട്;

(സി) വിസ്തീർണ്ണമോ അതിൽ കൃഷി ചെയ്തിട്ടുള്ളതോ കൃഷി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ വിളയുടെയോ വിളകളുടെയോ സ്വഭാവം ഉൾപ്പെടെ മറ്റ് ഏതെങ്കിലും വിവരമോ തെറ്റാണെന്നതുകൊണ്ട്;

(ഡി) വിവരണത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയെ സാരമായി ബാധിക്കുന്ന മറ്റെതെങ്കിലും വസ്തുതകൾ നിലനിൽക്കുന്നതുകൊണ്ട്.

(5) തഹശീൽദാർ, ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതും ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന തരത്തിലുള്ള ഒരന്വേഷണം നടത്തിയതിനും ആക്ഷേപം ഉന്നയിക്കുന്നയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനുശേഷം ആക്ഷേപങ്ങൾ തള്ളിക്കൊണ്ടോ, വിവരണത്തിൽ നിന്ന് ഭൂമിയേയോ അതിന്റെ ഭാഗത്തേയോ ഒഴിവാക്കിക്കൊണ്ടോ, അതിൻമേൽ

ആവശ്യമായ മറ്റ് മാറ്റങ്ങൾ വരുത്തിക്കൊണ്ടോ ആക്ഷേപങ്ങൾ ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ഉത്തരവ് പാസ്സാക്കേണ്ടതുമാണ്.

**(6)** **(5)**-ാം ഉപവകുപ്പുപ്രകാരം പാസ്സാക്കിയ ഉത്തരവ് നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ, ആക്ഷേപം ഉന്നയിക്കുന്ന ആളിനെ അറിയിക്കേണ്ടതാണ്.

**(7)** **(5)**-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവു ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം കളക്ടർക്ക് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീൽ, അപ്പീൽ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനകം കളക്ടർ തീരുമാനിക്കേണ്ടതും അതിൻമേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>.—ഗുണം അനുഭവിക്കാതിരിക്കൽ ഒരു ഭൂമിയുടെ ഉടമസ്ഥന്റെ മാത്രം ഏതെങ്കിലും പ്രവൃത്തിയോ ഉപേക്ഷയോമൂലമാണെങ്കിൽ അത്തരം ഗുണം അനുഭവിക്കാതിരിക്കൽ പരിഗണിക്കാതെ തന്നെ ഭൂമി ഗുണം ലഭിക്കാൻ അർഹതയുള്ളതായി കരുതപ്പെടേണ്ടതാണ്.

**21.** <u>സർട്ടിഫിക്കറ്റ് നൽകൽ</u>.—**(1)** **20**-ാം വകുപ്പ് **(1)**-ാം ഉപവകുപ്പോ **(2)**-ാം ഉപവകുപ്പോ പ്രകാരം തയ്യാറാക്കിയ വിവരണത്തിൽ പ്രസ്തുത വകുപ്പിലെ **(5)**-ാം ഉപവകുപ്പോ **(7)**-ാം ഉപവകുപ്പോ പ്രകാരം വരുത്താവുന്ന പ്രകാരമുള്ള മാറ്റങ്ങൾക്ക് വിധേയമായി ഭൂമിയുടെ വിസ്തീർണ്ണവും അവയിൽ കൃഷി ചെയ്തിരിക്കുന്ന വിളയും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് തഹശീൽദാർ, നിർണ്ണയിച്ചേക്കാവുന്ന ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായും, പ്രസ്തുത വിവരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഉടമകൾക്ക് നൽകേണ്ടതും അവയുടെ പകർപ്പുകൾ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയ ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധികാരിതയുള്ള തദ്ദേശാധികാരസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാർക്കും അദ്ദേഹം അയച്ചുകൊടുക്കേണ്ടതുമാണ്.

**(2)** **(1)**-ാം ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റിന്, ഈ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് റദ്ദാക്കിയില്ലെങ്കിലോ വിളയോ വിളവെടുപ്പ് രീതിയോ മാറുന്നതിനനുസരിച്ച് രൂപഭേദം വരുത്തിയിട്ടില്ലെങ്കിലോ അത് നൽകിയ തീയതി മുതൽ പത്തുവർഷ കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതുമാണ്.

**(3)** **(1)**-ാം ഉപവകുപ്പുപ്രകാരം ഒരു സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഭൂവുടമയ്ക്ക്, ആ സർട്ടിഫിക്കറ്റ് നൽകിയതുമൂലമോ അതിലെ ഏതെങ്കിലും

നിബന്ധനകൾമൂലമോ അയാൾ സങ്കടം അനുഭവിക്കുകയാണെങ്കിൽ അത് ലഭിച്ച തീയതി മുതൽ നാൽപ്പത്തിയഞ്ചു ദിവസത്തിനകം സർട്ടിഫിക്കറ്റ് അതതു സംഗതിപോലെ, റദ്ദാക്കുന്നതിനോ, രൂപഭേദം വരുത്തുന്നതിനോ വേണ്ടി നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തോട് അപേക്ഷിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് അദ്ദേഹത്തിന്, യുക്തമെന്നു തോന്നുന്ന അന്വേഷണത്തിനുശേഷവും ഭൂവുടമയ്ക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷവും കാരണങ്ങൾ എഴുതി രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവു മുഖേന സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയോ രൂപഭേദം വരുത്തുകയോ അഥവാ റദ്ദ് ചെയ്യുന്നതിനോ രൂപഭേദം വരുത്തുന്നതിനോ വിസമ്മതിക്കുകയോ ചെയ്യാവുന്നതാണ്.

(5) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന്റെ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിനാൽ സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അയാൾക്ക് ഉത്തരവ് ലഭിച്ച തീയതി മുതൽ നാൽപ്പത്തിയഞ്ചു ദിവസത്തിനകം നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ കളക്ടർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും, കളക്ടർ, അയാൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം അതിൻമേൽ തനിക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കേണ്ടതുമാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള കളക്ടറുടെ ഉത്തരവ് അന്തിമമായിരിക്കുന്നതാണ്.

(7) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം തയ്യാറാക്കിയിട്ടുള്ള ഒരു വിവരണത്തിൽ അഥവാ ആ വകുപ്പിലെ (5)-ാം ഉപവകുപ്പോ (7)-ാം ഉപവകുപ്പോ പ്രകാരം അങ്ങനെയുള്ള വിവരണം ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെ ഭേദഗതി ചെയ്തിട്ടുള്ള വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഭൂവുടമയ്ക്ക് ഒരു സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്തിടത്ത് ആ സംഗതിയിൽ അങ്ങനെയുള്ള ഉടമയ്ക്ക് ഒരു സർട്ടിഫിക്കറ്റിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകം, തഹശീൽദാരോട് അപേക്ഷിക്കാവുന്നതും തഹശീൽദാർക്ക് അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന അന്വേഷണത്തിനുശേഷം, സർട്ടിഫിക്കറ്റ് നൽകുകയോ നൽകുന്നതിന് വിസമ്മതിക്കുകയോ ചെയ്യാവുന്നതുമാണ്.

22. <u>സർട്ടിഫിക്കറ്റിന്റെ റദ്ദാക്കലോ രൂപഭേദപ്പെടുത്തലോ.</u>—21-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ജലവിഭവ വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറിയോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഒരുദ്യോഗസ്ഥനോ ഏതൊരു സമയത്തും കാരണം എഴുതി രേഖപ്പെടുത്തി കൊണ്ട് ഉത്തരവ് മുഖേന ആ വകുപ്പുപ്രകാരം നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ആ ഉത്തരവ് ബാധകമാവുന്ന ആളിന് പറയാനുള്ളത് പറയാൻ ഒരവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

23. <u>സർക്കാർ ചുമത്തുന്ന ജലസേചനക്കരം.</u>—(1) 21-ാം വകുപ്പുപ്രകാരം സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ള എല്ലാ ഭൂമിയെ സംബന്ധിച്ചും ഒരു വാർഷിക ജലസേചനക്കരം ചുമത്തുവാൻ അത്തരം സർട്ടിഫിക്കറ്റുകൾക്ക് പ്രാബല്യം ഉള്ളിടത്തോളം കാലം സർക്കാരിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ്പ്രകാരം ജലസേചനക്കരം ചുമത്തുന്നത് സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന നിരക്കിലായിരിക്കേണ്ടതും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും രീതിയിലും അടയ്ക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തിയ ജലസേചന കരത്തിന്റെ കുടിശ്ശികയ്ക്ക് പ്രതിവർഷം ആറ് ശതമാനം നിരക്കിൽ പലിശ ഉണ്ടായിരിക്കുന്നതാണ്.

(4) 21-ാം വകുപ്പുപ്രകാരം സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഓരോ ഉടമയും സർട്ടിഫിക്കറ്റിന് പ്രാബല്യം ഉള്ളിടത്തോളം കാലം പണമടയ്ക്കുവാനുള്ള ഏതെങ്കിലും പ്രത്യേക ആവശ്യപ്പെടൽ കൂടാതെ തന്നെ സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള നിശ്ചിത തീയതിയിലോ അതിനു മുൻപോ (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തിയിട്ടുള്ള ജലസേചനക്കരം അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

24. <u>ജലസേചനക്കരം കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കൽ.</u>—ഏതെങ്കിലും പ്രദേശത്ത് വിളനാശം സംഭവിക്കുമ്പോൾ ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന്, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന കാരണങ്ങളാൽ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ ഈ ആക്റ്റ് പ്രകാരം ചുമത്താവുന്ന ജലസേചനക്കരം

വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയോ അതിന്റെ നിരക്ക് കുറയ്ക്കുകയോ ചെയ്യാവുന്നതാണ്.

**25.** തദ്ദേശാധികാരസ്ഥാനം ചുമത്തുന്ന ജലസേചനം.—**(1)** ഒരു തദ്ദേശാധികാരസ്ഥാനത്തിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അത് നടപ്പിൽ വരുത്തിയ ചെറുകിട ജലസേചന സംരംഭങ്ങളുടെ ഗുണം ലഭിച്ചിട്ടുള്ള ഭൂമിയിൻമേൽ വാർഷിക ജലസേചനക്കരം ചുമത്താവുന്നതാണ്;

**(2) (1)**-ാം ഉപവകുപ്പുപ്രകാരം ചുമത്തിയിട്ടുള്ള ജലസേചനക്കരത്തിന്റെ നിരക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കേണ്ടതാണ്.

എന്നാൽ, **(2)**-ാം ഉപവകുപ്പുപ്രകാരം നിശ്ചയിക്കുന്ന ജലസേചനക്കരം ചെറുകിട ജലസേചന സംരംഭത്തിന്റെ കാര്യത്തിൽ, സർക്കാർ നടപ്പിൽ വരുത്തിയ ഇടത്തരം ജലസേചന സംരംഭം കൊണ്ട് ഗുണം ലഭിച്ചിട്ടുള്ള ഭൂമിയിൻമേൽ സർക്കാർ ചുമത്തുന്ന വാർഷിക ജലസേചനക്കരത്തിന്റെ നിരക്കിൽ കവിയാൻ പാടില്ലാത്തതാകുന്നു.

**(3)** ഏതെങ്കിലും പ്രദേശത്ത് വിളനാശം സംഭവിച്ചിട്ടുള്ളിടത്ത് ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന് അധികാരപരിധിക്കുള്ളിൽ വരുന്ന ഏതൊരു ഭൂമിയിലും പ്രമേയം മുഖേന ഈ വകുപ്പിൻകീഴിൽ ചുമത്താവുന്ന ജലസേചനക്കരം ഒഴിവാക്കുകയോ, അതിന്റെ നിരക്ക് കുറയ്ക്കുകയോ ചെയ്യാവുന്നതാണ്.

## അദ്ധ്യായം VI

## അടിയന്തിര ഘട്ടങ്ങളിൽ സാമഗ്രികൾ ലഭ്യമാക്കൽ

**26.** അടിയന്തിര പണികൾ, അറ്റകുററപണികൾ മുതലായവയ്ക്കുവേണ്ടി സാമഗ്രികൾ നിർബന്ധമായി എടുക്കൽ.—**(1)** എപ്പോഴെങ്കിലും ഒരു ഇറിഗേഷൻ ഓഫീസർക്ക് ഏതെങ്കിലും പണിയോ കേടുപാടു തീർക്കലോ ഉടനടി നടത്തിയില്ലെങ്കിൽ പൊതുജനത്തിന് ആകസ്മികവും വ്യാപകവുമായ ക്ഷതം ഉണ്ടാക്കത്തക്കവിധത്തിൽ ഒരു ജലസേചന സംരംഭത്തിന് സാരമായ നാശനഷ്ടം സംഭവിക്കുമെന്ന് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ഇതിലേക്ക് അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ അങ്ങനെയുള്ള ജലസേചന സംരംഭത്തിന്റെ തൊട്ടടുത്ത പരിസരത്തിലുള്ള ഏതെങ്കിലും ഭൂമിയിൽ, ആ ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ അറിയിപ്പ് നൽകിക്കൊണ്ട്, അങ്ങനെയുള്ള ഭൂമിയിൽ പ്രവേശിക്കാവുന്നതും കൈവശത്തിലെടുക്കാവുന്നതും അതിലുള്ള ഏതെങ്കിലും വൃക്ഷമോ, തടിയോ,

മുളയോ, പായോ, കയറോ, വയ്ക്കലോ, മണ്ണോ, കല്ലോ, മറ്റ് സാമഗ്രികളോ കൈവശപ്പെടുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതും അവ അങ്ങനെയുള്ള പണിയുടെയോ അറ്റകുറ്റപണിയുടെയോ ആവശ്യത്തിലേക്ക് ഉപയോഗിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും സാമഗ്രികൾ കൊവശപ്പെടുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യുന്ന ഇറിഗേഷൻ ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളോ അതിന്റെ ഒരു സാധന വിവരപ്പട്ടിക തയ്യാറാക്കേണ്ടതും അത് അദ്ദേഹവും, ഭൂമിയുടെ ഉടമയും അല്ലെങ്കിൽ കൈവശക്കാരനും സ്ഥലത്തെ രണ്ടു സാക്ഷികളും യഥാവിധി ഒപ്പുവച്ച് രേഖയായി സൂക്ഷിക്കേണ്ടതാണ്.

**27.** <u>എടുത്തിട്ടുള്ള സാമഗ്രികൾക്ക് പണം നൽകൽ</u>.—(1) ഇറിഗേഷൻ ഓഫീസർ, കഴിയുന്നത്ര വേഗത്തിൽ, എന്നാൽ യാതൊരു സംഗതിയിലും 26-ാം വകുപ്പുപ്രകാരമുള്ള പണിയോ അററകുററപ്പണിയോ പൂർത്തിയാക്കിയ തീയതി മുതൽ മുപ്പതു ദിവസത്തിൽ കവിയാതെ പ്രസ്തുത ആവശ്യത്തിനായി ആരുടെ സാമഗ്രികളാണോ എടുത്തിട്ടുള്ളത് ആ ആൾക്ക് ആ സാമഗ്രികൾക്ക് അവയുടെ നിലവിലുള്ള മാർക്കറ്റ് നിരക്കിനെക്കാൾ ഇരുപത്തഞ്ചു ശതമാനം അധികരിച്ച നിരക്കിൽ കണക്കാക്കിയിട്ടുള്ള വില നൽകേണ്ടതാണ്.

(2) ഏതെങ്കിലും സാമഗ്രിയുടെ നിലവിലുള്ള മാർക്കറ്റ് നിരക്കിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ ഇറിഗേഷൻ ഓഫീസർ അങ്ങനെയുള്ള തർക്കം കളക്ടറുടെ പരിഗണനയ്ക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതു മാണ്.

(3) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ സാമഗ്രികളുടെ വില കൊടിക്കാത്തിടത്ത് അതിനു പന്ത്രണ്ട് ശതമാനം നിരക്കിൽ വാർഷിക പലിശ ഉണ്ടായിരിക്കുന്നതാണ്.

**28.** <u>സാമഗ്രികൾ എടുക്കുമ്പോൾ ഉണ്ടാകുന്ന നാശനഷ്ടത്തിന്, പണം നൽകൽ</u>.—26-ാം വകുപ്പുപ്രകാരം ഏതെങ്കിലും വൃക്ഷമോ, തടിയോ, മുളയോ, മണ്ണോ, കല്ലോ മറ്റ് സാമഗ്രികളോ നീക്കം ചെയ്യുന്നതിന്റെ ഫലമായി എപ്പോഴെങ്കിലും ഏതെങ്കിലും ആളിന്റെ വസ്തുവിൽ പ്രത്യക്ഷമായി എന്തെങ്കിലും നാശനഷ്ടം ഉണ്ടാകുന്നുവെങ്കിൽ ആ ആളിന് ഇറിഗേഷൻ ഓഫീസർ അങ്ങനെയുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകേണ്ടതും അങ്ങനെ

നൽകിയ തുകയുടെ പര്യാപ്തതയെ കുറിച്ച് എന്തെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ അദ്ദേഹം ആ തർക്കം കളക്ടർക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

## അദ്ധ്യായം VII

## ജലസേചനത്തിനുള്ള ജലവിതരണത്തിന്റെ ക്രമീകരണം

**29.** ജലസേചന സംരംഭങ്ങളിൽ നിന്നുമുള്ള ജലവിതരണം.—**(1)** സർക്കാരിന്റെ ചെലവിൽ പൂർണ്ണമായോ ഭാഗികമായോ നിർമ്മിച്ചിട്ടുള്ളതോ പരിപാലിച്ചിട്ടുള്ളതോ ആയ എല്ലാ ജലസേചന സംരംഭങ്ങളിൽ നിന്നുമുള്ള ജലത്തിന്റെ വിതരണം സർക്കാർ കാലാകാലങ്ങളിൽ ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ചട്ടങ്ങളാലോ ഉത്തരവുകളാലോ ക്രമീകരിക്കേണ്ടതാണ്.

**(2)** ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെ ചെലവിൽ നിർമ്മിച്ചിട്ടുള്ളതോ പരിപാലിച്ചിട്ടുള്ളതോ ആയ ജലസേചന സംരംഭങ്ങളിൽ നിന്നുമുള്ള ജലത്തിന്റെ വിതരണം ആ അധികാരസ്ഥാനം ഉണ്ടാക്കിയേക്കാവുന്ന റഗുലേഷനുകൾക്ക് വിധേയമായിരിക്കേണ്ടതാണ്.

**(3)** ഓരോ വർഷവും ജലവിതരണം തുടങ്ങുന്ന തീയതിക്ക് ഒരു മാസം മുമ്പ് (ജലവിഭവ വകുപ്പ്) ഒരു ഇറിഗേഷൻ കലണ്ടർ പ്രസിദ്ധപ്പെടുത്തേണ്ടതും, ആയത് ഗുണഭോക്താക്കളുമായി കൂടിയാലോചിച്ചും ലഭ്യമായ ജലവും അതിന്റെ ആവശ്യകതയും ശാസ്ത്രീയമായി വിലയിരുത്തിയും ഓരോ വർഷത്തേയും ആവശ്യകതയ്ക്കും വിളവെടുപ്പു രീതിക്കും അനുസൃതമായി രൂപപ്പെടുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യേണ്ടതും ആണ്.

**30.** മറ്റ് സംസ്ഥാനത്തേക്കോ കേന്ദ്രഭരണ പ്രദേശത്തേക്കോ ഉള്ള ജല വിതരണം.—സംസ്ഥാന സർക്കാർ അങ്ങനെയുള്ള മറ്റ് സംസ്ഥാന സർക്കാരുമായോ കേന്ദ്രഭരണ പ്രദേശവുമായോ സംസ്ഥാനത്തിന്റെ നിയമസഭ അതിലേക്ക് പാസാക്കിയ ഒരു പ്രമേയത്തിന്റെ നിബന്ധനകൾക്ക് അനുസൃതമായി ഉണ്ടാക്കുന്ന കരാർ അനുസരിച്ചല്ലാതെ സംസ്ഥാനത്തിനകത്തെ ജലപ്രവാഹത്തിൽ നിന്നുള്ള ജലം മറ്റൊരു സംസ്ഥാനത്തിനോ കേന്ദ്ര ഭരണ പ്രദേശത്തിനോ വിതരണം ചെയ്യാൻ പാടുള്ളതല്ല.

## അദ്ധ്യായം VIII

## കൂട്ടായ പ്രയത്നത്താലുള്ള പണികളുടെ നിർവ്വഹണം

**31.** <u>കൂട്ടായ പ്രയത്നത്താൽ ചെയ്യേണ്ട പണികൾക്ക് ചെലവോ അദ്ധ്വാനമോ നൽകുന്നതിൽ വീഴ്ചവരുത്തുന്നതിൻമേലുള്ള നടപടിക്രമം.</u>—**(1)** പ്രാദേശിക ആചാരത്താലോ മറ്റ് തക്കതായ കാരണത്താലോ, കൃഷിയുടെ ആവശ്യത്തിലേക്കുവേണ്ടി ജലസേചനമോ വെള്ളപ്പൊക്ക നിയന്ത്രണമോ ജലം ഒഴുക്കിക്കളയലോ എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും പണി കൂട്ടായ പ്രയത്നത്താലോ അങ്ങനെയുള്ള പണികൊണ്ട് ഗുണം ലഭിക്കാൻ സാദ്ധ്യതയുള്ള മുഴുവൻ ഭൂമിയുടെ ഉടമകളുടെയും ചെലവിലോ ചെയ്യേണ്ടിടത്തും അങ്ങനെയുള്ള ഉടമകളിൽ ആരെങ്കിലും പണിയിലെ അയാളുടെ പങ്ക് നിർവ്വഹിക്കുന്നതിലോ, പ്രയത്നത്തിനുള്ള ചെലവിന്റെ പങ്ക് നൽകുന്നതിലോ വീഴ്ചയോ ഉപേക്ഷയോ വരുത്തുന്നിടത്തും കളക്ടറോ ഇതിലേക്കായി സർക്കാർ നിയമിച്ച പുഞ്ച സ്പെഷ്യൽ ഓഫീസറോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഓഫീസറോ അങ്ങനെയുള്ള പണിയിൽ താൽപ്പര്യമുള്ളതോ ക്ഷതമേറ്റിട്ടുള്ളതോ ക്ഷതമേൽക്കാൻ സാദ്ധ്യതയുള്ളതോ ആയ ഒന്നോ അതിൽ കൂടുതലോ ഉടമകളുടെ അപേക്ഷയിൻമേൽ വസ്തുതയെക്കുറിച്ച് അന്വേഷിക്കുന്നതും അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കുന്നതും നിയമാനുസൃതമായിരിക്കുന്നതും വീഴ്ച വരുത്തുന്ന ഉടമയോട് അങ്ങനെയുള്ള ഉത്തരവിനാൽ അങ്ങനെയുള്ള പണിയുടെ ഏതെങ്കിലും ഭാഗം നിർവ്വഹിക്കുന്നതിനോ പണിയുടെ ചെലവിന്റെ ഏതെങ്കിലും ഭാഗം നൽകുന്നതിനോ അദ്ദേഹത്തിന് നിർദ്ദേശിക്കാവുന്നതും ആണ്.

**(2)** വീഴ്ച വരുത്തുന്ന ഉടമ പണിയുടെ ഒരു ഭാഗം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവിൽ, നടത്തേണ്ട പണിയുടെ ഭാഗവും ഏതു സമയത്തിനകത്താണോ അതു നടത്തേണ്ടത് ആ സമയവും അങ്ങനെയുള്ള പണിയുടെ നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ തയ്യാറാക്കിയ അടങ്കൽ ചെലവും കൂടി വ്യക്തമാക്കേണ്ടതാണ്.

**(3)** വിഴ്ച വരുത്തുന്ന ഉടമ, **(1)**-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ, അങ്ങനെയുള്ള പണി നിർവ്വഹിക്കുന്നതിന് വിസമ്മതിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നിടത്ത് കളക്ടർക്കോ, പുഞ്ച സ്പെഷ്യൽ ഓഫീസർക്കോ, ആ ഉപവകുപ്പുപ്രകാരം സർക്കാർ അധികാരപ്പെടുത്തിയ മററ് ഉദ്യോഗസ്ഥനോ ആ പണി നിർവ്വഹിക്കുന്നതിന് മറ്റേതെങ്കിലും ആളെ ഏൽപ്പിക്കാവുന്നതും അതിന്റെ ചെലവ് വീഴ്ച വരുത്തുന്ന ഉടമയിൽ നിന്നും, നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ, ഈടാക്കാവുന്നതുമാണ്.

**32.** <u>പാടശേഖരത്തിലെ വെള്ളം വറ്റിക്കൽ മുതലായവ.</u>—**(1)** നെൽ കൃഷിയുടെ ആവശ്യത്തിനായി പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിനു വേണ്ടി ഏർപ്പാടു ചെയ്യുന്നതിന് ആ പാടശേഖരത്തിന്റെ കമ്മിറ്റി കളക്ടർക്കോ പുഞ്ച സ്പെഷ്യൽ ആഫീസർക്കോ അതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അപേക്ഷ നൽകുന്നിടത്ത് കളക്ടറോ, പുഞ്ച സ്പെഷ്യൽ ഓഫീസറോ, അങ്ങനെയുള്ള മറ്റുദ്യോഗസ്ഥനോ ആ പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിന് ഏർപ്പാട് ചെയ്യുന്നതും അതിനുള്ള ചെലവ് ആ പാടശേഖരത്തിന്റെ എല്ലാ ഉടമകളിൽ നിന്നും ഈടാക്കുന്നതും നിയമാനുസൃതമായിരിക്കുന്നതാണ്.

എന്നാൽ, ഇറിഗേഷൻ ഓഫീസർ ഒരു പാടശേഖരത്തിലെ ഭൂമിയുടെ സുരക്ഷിതത്വം യഥാവിധി സൂക്ഷ്മാന്വേഷണം നടത്തി സാക്ഷ്യപ്പെടുത്തി യിട്ടില്ലാത്തപക്ഷം, വെള്ളം വറ്റിക്കുന്നതിനും വേണ്ടി ഏർപ്പാട് ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

**(2)** **(1)**-ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും പാടശേഖരത്തിൽ നിന്ന് വെള്ളം വറ്റിക്കുന്നതിന് ഏർപ്പാടു ചെയ്യുന്ന കളക്ടർക്കോ പുഞ്ച സ്പെഷ്യൽ ആഫീസർക്കോ പ്രസ്തുത ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അങ്ങനെയുള്ള വെള്ളം വറ്റിക്കൽ ഏറ്റെടുത്ത് നടത്തുന്നതിന് അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആളോ, ആളുകളോ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ പാടശേഖരത്തിലെ ഏതെങ്കിലും വയലിൽ പ്രവേശിക്കുന്നതിനും വെള്ളം വറ്റിക്കുന്ന ആവശ്യത്തിനുവേണ്ടി ഏതെങ്കിലും യന്ത്രസാമഗ്രി സ്ഥാപിക്കുന്നതിനും അതിന് ആനുഷംഗികമായിട്ടുള്ള ഏതെങ്കിലും താൽക്കാലിക പണി നടത്തുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

**(3)** ശരിയായ ജലസേചനത്തിനോ ഒഴുക്കിക്കളയലിനോ ഉള്ള സൗകര്യങ്ങളുടെ അഭാവം ഏതെങ്കിലും പാടശേഖരത്തിലേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിലേയോ കൃഷിയെ ബാധിക്കാൻ ഇടയുള്ളിടത്ത് കളക്ടർക്കോ, പുഞ്ച സ്പെഷ്യൽ ഓഫീസർക്കോ, **(1)**-ാം ഉപവകുപ്പുപ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അതതു സംഗതി പോലെ, ആ പാടശേഖരത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തിലോ ജലസേചനം നടത്തുന്നതിനോ ജലം വറ്റിക്കുന്നതിനോ ആവശ്യമായ ഏതെങ്കിലും താൽക്കാലിക പണി നിർവ്വഹിക്കുന്നതിന് ഏർപ്പാട് ചെയ്യാൻ

അധികാരമുണ്ടായിരിക്കു ന്നതും അതിലേക്കായുള്ള ചെലവ് ആ പാടശേഖരത്തിന്റെ എല്ലാ ഉടമകളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിലും **33**-ഉം **34**-ഉം വകുപ്പുകളിലും,—

(i) "പാടശേഖര കമ്മിറ്റി" എന്നാൽ നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിൽ രൂപീകരിക്കപ്പെട്ട പാടശേഖര ഉടമകളുടെ കമ്മിറ്റി എന്നർത്ഥമാകുന്നതും;

(ii) "പാടശേഖരം" എന്നാൽ തൊട്ടുചേർന്ന് തുടർച്ചയായി സ്ഥിതി ചെയ്യുന്ന ഒന്നോ അതിലധികമോ ആളുകളുടെ ഉടമസ്ഥതയിലുള്ള നെൽപ്പാടങ്ങളുടെ കൂട്ടം എന്നർത്ഥമാകുന്നു.

**33.** ബണ്ടിന്റെ നിർമ്മാണമോ കേടുപാടുകൾ തീർക്കലോ.—ഒരു പാടശേഖരത്തിലെ എല്ലാ ഉടമകളുടെയും കൂട്ടായ പ്രയത്നത്തിലൂടെയോ ചെലവിലോ, ഒരു ബണ്ടോ ബണ്ടിന്റെ ഒരു ഭാഗമോ നിർമ്മിക്കുകയോ, അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യേണ്ടിടത്ത്, അങ്ങനെയുള്ള ഉടമകൾ ശരിയായ രീതിയിൽ അവ നിർമ്മിക്കുകയോ, അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യാതിരുന്നാൽ കളക്ടറോ, പുഞ്ച സ്പെഷ്യൽ ഓഫീസറോ, അല്ലെങ്കിൽ **32**-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അതതു സംഗതി പോലെ, അത്തരം ബണ്ടിന്റെയോ, ഭാഗത്തിന്റെയോ നിർമ്മാണമോ, അറ്റകുറ്റ പണികളോ നടത്തുന്നതും അതിനായി നോട്ടീസ് നൽകിയതിനുശേഷം പാടശേഖരത്തിന്റെ എല്ലാ ഉടമകളിൽ നിന്ന് അതിന്റെ ചെലവ് ഈടാക്കുന്നതും, നിയമാനുസൃതമായിരിക്കുന്നതാണ്.

**34.** കളക്ടറുടെയും പുഞ്ച സ്പെഷ്യൽ ഓഫീസറുടെയും അധികാര പ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെയും അധികാരങ്ങളും കർത്തവ്യങ്ങളും.— കളക്ടർക്കോ പുഞ്ച സ്പെഷ്യൽ ഓഫീസർക്കോ **31**-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പാട ശേഖരത്തിന്റെ ഉടമകളുടെ കൂട്ടായ ഗുണത്തിന് വേണ്ടി, നിർണ്ണയിച്ചേക്കാവുന്ന അധികാരങ്ങൾ വിനിയോഗിക്കാവുന്നതും കർത്തവ്യങ്ങൾ നിർവ്വഹിക്കാവുന്നതു മാണ്.

**35.** അപ്പീൽ.—കളക്ടറുടെയോ, പുഞ്ച സ്പെഷ്യൽ ഓഫീസറുടെയോ, **31**-ാം വകുപ്പോ, **32**-ാം വകുപ്പോ പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ്

കൈപ്പറ്റി കഴിയുന്നത്ര വേഗത്തിലും ഏതൊരു സംഗതിയിലും പത്തു ദിവസം കഴിയുന്നതിനു മുൻപും ആ ഉത്തരവിനെതിരെ, ഇതിലേക്കായി സർക്കാർ വിജ്ഞാപനം മൂലം പ്രത്യേകമായി അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെയോ അധികാര സ്ഥാനത്തിന്റെയോ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ അത് ബാധകമാകുന്ന ആളിന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം അതിൻമേൽ ന്യായമെന്നും യുക്തമെന്നും തോന്നുന്ന ഉത്തരവ് അപ്പീൽ സ്വീകരിച്ച തീയതി മുതൽ ഇരുപത് ദിവസ കാലയളവിനുള്ളിൽ പാസ്സാക്കാവുന്നതാണ്.

**36.** <u>റിവിഷൻ</u>.—സർക്കാരിന് സ്വമേധയായോ, ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഒരാളുടെ അപേക്ഷയിൻമേലോ കളക്ടറുടെയോ പുഞ്ച സ്പെഷ്യൽ ഓഫീസറുടെയോ **32**-ാം വകുപ്പുപ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ **35**-ാം വകുപ്പു പ്രകാരം പ്രത്യേകമായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും ഉത്തരവോ പരിഷ്ക്കരിക്കാവുന്നതും അത് ബാധകമാകുന്ന ആളിന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയശേഷം, അതിൻമേൽ അവരുടെ അഭിപ്രായത്തിൽ ന്യായവും യുക്തവും ആയ അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

<u>അദ്ധ്യായം IX</u>

## ജലസേചന സംരംഭങ്ങളുടെ പരിരക്ഷ

**37.** <u>ജലസേചന ഭൂമിയിൽ യാതൊരു കയ്യേറ്റവും അനുവദിക്കാൻ പാടില്ലെന്ന്</u>.—**(1)** യാതൊരാളും കൃഷിക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഏതെങ്കിലും ജലസേചന ഭൂമി കൈവശപ്പെടുത്തുവാൻ പാടില്ലാത്തതും അങ്ങനെയുള്ള ഭൂമിയിലുള്ള കൈയേറ്റം അവസാനിപ്പിക്കുന്നതിനായി ഇറിഗേഷൻ ഓഫീസർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്.

<u>വിശദീകരണം</u>:— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "ജലസേചന ഭൂമി" എന്നാൽ ഒരു ജലസേചന സംരംഭത്തിന്റെ ആവശ്യത്തിനുവേണ്ടി സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും സംരക്ഷണത്തിലും ഉള്ള ഏതൊരു ഭൂമിയും എന്നർത്ഥമാകുന്നതും എന്നാൽ ഒരു പുറമ്പോക്ക് ഉൾപ്പെടാത്തതുമാകുന്നു.

(2) സർക്കാരിന് ഏതെങ്കിലും പദ്ധതി പ്രദേശത്തെയോ അഥവാ ഏതെങ്കിലും ജലസേചന ഭൂമിയെയോ അതിന്റെ ഭാഗത്തിനെയോ സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കാവുന്നതും അങ്ങനെയുള്ള പ്രദേശത്തേക്കുള്ള പ്രവേശനം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നിയന്ത്രിക്കേണ്ടതുമാണ്.

(3) യാതൊരാളും ഏതെങ്കിലും വ്യാവസായിക ദ്രവമാലിന്യമോ ഗാർഹിക ദ്രവമാലിന്യമോ ശരിയായ രീതിയിലുള്ള സംസ്ക്കരണം കൂടാതെ ഏതെങ്കിലും ജലപ്രവാഹത്തിലേക്ക് ഒഴുക്കിക്കളയുവാൻ പാടുള്ളതല്ല.

[1][(4) യാതൊരാളും ഏതെങ്കിലും വിതരണ സംവിധാനത്തിലോ ജലപ്രവാഹത്തിലോ ചപ്പുചവറുകളോ മാലിന്യമോ വിസർജ്ജ്യമോ മറ്റേതെങ്കിലും പാഴ്വസ്തുക്കളോ നിക്ഷേപിക്കുവാനോ നിക്ഷേപിക്കുന്നതിനിടയാക്കുവാനോ അതിലേക്ക് മലിനജലം ഒഴുക്കുവാൻ അനുവദിക്കുവാനോ മറ്റേതെങ്കിലും വിധത്തിൽ ജലം മലിനപ്പെടുത്തുവാനോ പാടുള്ളതല്ല.]

**38.** <u>ക്രോസ് ഡ്രെയിനേജ് സംരംഭങ്ങളുടെ പ്രവർത്തനത്തിലുള്ള ഇടപെടൽ</u>.—യാതൊരാളും ഇറിഗേഷൻ ഓഫീസറുടെ രേഖാമൂലമുള്ള അനുമതിയോടുകൂടിയല്ലാതെ, കനാലുകളുടെയും ചാനലുകളുടെയും സുരക്ഷിതത്വത്തിനുവേണ്ടി സർക്കാരിനാലോ സർക്കാരിന്റെ സഹായത്താലോ നിർമ്മിച്ചിട്ടുള്ള കലുങ്കുകൾ, അക്വിഡക്റ്റുകൾ, സൂപ്പർപാസേജുകൾ, സൈഫണുകൾ, അണകൾ, മറ്റ് ബന്ധപ്പെട്ട പണികൾ എന്നീ വിവിധ ക്രോസ് ഡ്രെയിനേജ് സംരംഭങ്ങളുടെ ശരിയായുള്ള പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ പാടുള്ളതല്ല.

**39.** <u>കനാലുകളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്ന പണികളെ സംബന്ധിച്ചുള്ള ഉടമകളുടെ ബാദ്ധ്യത</u>.—(1) ഏതെങ്കിലും ജലസേചന സംരംഭത്തിന്റെ നിരപ്പിന് മുകളിലുള്ള ടാങ്കോ കിണറോ, കുളമോ മറ്റ് ജലസംഭരണിയോ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഓരോ ഉടമയും അങ്ങിനെയുള്ള ടാങ്കിന്റേയും കിണറിന്റേയും കുളത്തിന്റേയും മറ്റ് ജലസംഭരണിയുടേയും ബണ്ടുകളും അധിക സംവിധാനവും സുരക്ഷിതവും കാര്യക്ഷമവുമായ അവസ്ഥയിൽ പരിപാലിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ബണ്ടുകളോ, അധിക സംവിധാനങ്ങളോ യുക്തമായ അവസ്ഥയിലല്ലെന്നും താഴെയുള്ള ജലസേചന സംരംഭത്തെ അപകടപ്പെടുത്തുന്നതിന് സാദ്ധ്യതയുണ്ടെന്നും ഇറിഗേഷൻ

1. 2018-ലെ 16-ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ഓഫീസർ കരുതുന്നിടത്ത് ആ ബണ്ടുകളോ അധിക സംവിധാനങ്ങളോ അനുയോജ്യവും യുക്തവുമായ ഒരവസ്ഥയിലും, നോട്ടീസിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും പരിപാലിക്കുന്നതിന് ബന്ധപ്പെട്ട ഉടമയോട് ആവശ്യപ്പെട്ടുകൊണ്ട് അയാൾക്ക് ഒരു നോട്ടീസ് നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കുന്നതിൽ ഉടമ വീഴ്ച വരുത്തുകയോ അയാൾ നടത്തിയ അറ്റകുറ്റപ്പണികൾ തൃപ്തികരമല്ലെന്ന് ഇറിഗേഷൻ ഓഫീസർ കരുതുകയോ ചെയ്യുന്നിടത്ത് ഇറിഗേഷൻ ഓഫീസർക്ക്, അങ്ങനെയുള്ള ബണ്ടുകളും അധിക സംവിധാനവും യുക്തമായ അവസ്ഥയിൽ പരിരക്ഷിക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താവുന്നതും അതിന്റെ ചെലവ് അങ്ങനെയുള്ള ഉടമയിൽ നിന്ന്, നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതുമാണ്.

(4) ഇറിഗേഷൻ ഓഫീസറുടെ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു ഉത്തരവിനെതിരെയും ഉടമ ആ ഉത്തരവ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം കളക്ടർ മുമ്പാകെ നൽകുന്ന ഒരു അപ്പീൽ നിലനിൽക്കുന്നതും, അങ്ങനെയുള്ള അപ്പീൽ കൈപ്പറ്റി മുപ്പത് ദിവസത്തിനകം കളക്ടർ അപ്പീലിൻമേൽ തീരുമാനം എടുക്കേണ്ടതും അദ്ദേഹത്തിന്റെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**40.** <u>ചില സംരംഭങ്ങളുടെയും മറ്റും സമീപമുള്ള ഖനനം ചെയ്യലോ പാറപൊട്ടിക്കലോ.</u>—(1) കളക്ടർ ഇറിഗേഷൻ ഓഫീസറുമായി കൂടിയാലോചിച്ച് വിജ്ഞാപനംവഴി, ഒരു ജലസേചന സംരംഭത്തിന്റെ അതിരുകൾ നിർദ്ദേശിക്കേണ്ടതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജലസേചന ഓഫീസറുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ യാതൊരാളും സർക്കാരിന്റേയോ ഒരു തദ്ദേശ അധികാര സ്ഥാനത്തിന്റെയോ മറ്റ് ഏതെങ്കിലും അധികാര സ്ഥാനത്തിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ സംരക്ഷണത്തിലോ ഉള്ള ഏതെങ്കിലും പാലത്തിന്റെയോ, ഡാമിന്റെയോ, ചെക്ക് ഡാമിന്റെയോ, മറ്റ് ഏതെങ്കിലും പണിയുടെയോ, എടുപ്പിന്റെയോ, നിർമ്മാണത്തിന്റെയോ ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള പ്രദേശത്ത് സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഖനനമോ പാറപൊട്ടിക്കലോ നടത്തുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പുപ്രകാരം, അനുവാദം നിരസിച്ചതിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള നിരസിക്കലിന്റെ അറിയിപ്പ് ലഭിച്ച് മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും, കളക്ടർ അപ്പീൽ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം അപ്പീലിൽ തീരുമാനം എടുക്കേണ്ടതും അതിൻമേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, മുപ്പത് ദിവസം കഴിഞ്ഞ് സമർപ്പിക്കപ്പെടുന്ന ഒരു അപ്പീൽ, അപ്പീൽവാദിക്ക് യഥാസമയം അപ്പീൽ നൽകാതിരിക്കുവാൻ മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോധ്യപ്പെടുന്നപക്ഷം സ്വീകരിക്കാവുന്നതാണ്.

**41.** ജലനിയന്ത്രണ ചീപ്പുവാതിൽ മുതലായവയുടെ പ്രവർത്തിപ്പിക്കൽ.—ഇറിഗേഷൻ ഓഫീസറോ, ഇതിലേക്കായി അദ്ദേഹം യഥാവിധി അധികാരപ്പെടുത്തിയ ആളോ അല്ലാതെ യാതൊരാളും സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, പരിപാലനത്തിലോ ഉള്ള ഒരു ജലസേചന സംരംഭത്തിന്റെ ഒരു ജലസംഭരണിയുടെയോ കനാലിന്റെയോ ജലപ്രവാഹത്തിന്റെയോ ജലനിയന്ത്രണ ചീപ്പുവാതിലോ റെഗുലേറ്ററോ അഥവാ ജലനിർഗ്ഗമനമടയോ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.

**42.** ജലസംഭരണികളിലെ മൽസ്യബന്ധനം.—(1) ഇറിഗേഷൻ ഓഫീസറുടെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുമതിയോടുകൂടി അല്ലാതെയും, നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായും അങ്ങനെയുള്ള ഫീസ് നൽകലിന് വിധേയമായും അല്ലാതെയും യാതൊരാളും സർക്കാരിന്റെ ഉടമസ്ഥതയിലോ പരിപാലനത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ജലസംഭരണിയിൽ മൽസ്യബന്ധനം നടത്താൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും ഒരു ജലസംഭരണിയിലെ മത്സ്യബന്ധനത്തിന്റെ ആവശ്യത്തിലേയ്ക്കായി എന്തെങ്കിലും സ്ഫോടകവസ്തുവോ എന്തെങ്കിലും വിഷ പദാർത്ഥമോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

**43.** ജലഗതാഗത നിയന്ത്രണം.—സർക്കാരിന്, വിജ്ഞാപനം വഴി, ജലസേചന സംരംഭത്തിൽ വാണിജ്യാവശ്യത്തിനായി ജലഗതാഗതം നടത്തുന്നത്

ലൈസൻസുമൂലമോ അല്ലാതെയോ നിരോധിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി വാണിജ്യാവശ്യത്തിനായുള്ള ജലഗതാഗതം എന്നതിൽ ഏതെങ്കിലും കച്ചവടമോ വ്യാപാരമോ വാണിജ്യമോ ആയി ബന്ധപ്പെട്ട് ആളുകളേയോ ചരക്കുകളേയോ വഹിച്ചുകൊണ്ടുപോകുന്നത് ഉൾപ്പെടുന്നതാകുന്നു.

**44.** ജലസേചന സംരംഭത്തിൽനിന്നും ജലം തുറന്നുവിടുന്നതിന് നിരോധനം.—ഒരു ഇറിഗേഷൻ ഓഫീസറോ അദ്ദേഹം യഥാവിധി ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അല്ലാതെ യാതൊരാളും സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, പരിപാലനത്തിലോ ഉള്ള ഒരു ജലസേചന സംരംഭത്തിൽ നിന്നും ഏതെങ്കിലും ബണ്ട് മുറിച്ചോ ഒരു ജലനിയന്ത്രണ ചീപ്പോ അഥവാ ഓവോ നിർമ്മിച്ചോ അതുപോലുള്ള മറ്റേതെങ്കിലും ഉപായത്താലോ ജലം തുറന്നുവിടുവാൻ പാടുള്ളതല്ല.

## അദ്ധ്യായം X

## മെച്ചപ്പെടുത്തലിനുള്ള അംശദായം

**45.** മെച്ചപ്പെടുത്തലിനുള്ള അംശദായം ചുമത്തൽ.—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർമ്മിച്ചതോ പൂർത്തിയാക്കിയതോ ആയ ഏതെങ്കിലും വൻകിട ജലസേചന സംരംഭത്തിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്നോ അങ്ങനെയുള്ള പ്രാരംഭത്തിനു മുൻപോ പിൻപോ നിർമ്മിച്ചിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒരു വൻകിട ജലസേചന സംരംഭമായി പ്രഖ്യാപിച്ചിട്ടുള്ളതുമായ ഒരു ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ചിട്ടുണ്ടെന്നോ സർക്കാർ കരുതുന്ന ഏതെങ്കിലും ഭൂമിയുടെ ഉടമയിൽനിന്ന് മെച്ചപ്പെടുത്തലിനുള്ള അംശദായം ചുമത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നിടത്ത് അവർക്ക് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കനുസൃതമായി മെച്ചപ്പെടുത്തലിനുള്ള അംശദായം ചുമത്താവുന്നതാണ്.

വിശദീകരണം:—ഗുണം അനുഭവിച്ചിട്ടില്ല എന്നിരുന്നാലും അങ്ങനെയുള്ള അനുഭവിക്കാതിരിക്കൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും വീഴ്ച മൂലം അല്ല എങ്കിൽ, ഒരു ഭൂമിക്ക് ഗുണം ലഭിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

**46.** മെച്ചപ്പെടുത്തൽ അംശദായത്തിന്റെ തുക.—(1) സർക്കാർ അതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന്, നിർദ്ദേശങ്ങൾ മുൻകൂട്ടി ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷമോ നിർണ്ണയിച്ചേക്കാവുന്ന മറ്റു രീതിയിലോ,

ഏതെങ്കിലും വൻകിട ജലസേചന സംരംഭംകൊണ്ട് ഗുണം ലഭിച്ചിട്ടുള്ള ഭൂമിയെ ഉചിതമായ വിഭാഗങ്ങളായി വിഭജിക്കാവുന്നതും അങ്ങനെയുള്ള ഓരോ വിഭാഗം ഭൂമിയുടെയും മൊത്തം ഉൽപ്പാദനത്തിന്റെ വാർഷിക വർദ്ധനവ് കണക്കാക്കാവുന്നതുമാണ്:

എന്നാൽ, ഒരേ വിഭാഗത്തിലുള്ളതും ആ സംരംഭത്തിൽനിന്നും ഉല്പാദനക്ഷമതയനുസരിച്ച് വിലയിരുത്തുമ്പോൾ ഒരേ അളവിലുള്ള ഗുണം ലഭിക്കത്തക്ക രീതിയിൽ സ്ഥിതിചെയ്യുന്നതും ആയ എല്ലാ ഭൂമിയും ഒരേ വിഭാഗങ്ങളിൽപ്പെടുത്തേണ്ടതാണ്.

(2) മൊത്തം ഉല്പന്നത്തിന്റെ വാർഷിക വർദ്ധന, അങ്ങനെ കണക്കാക്കുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള അഞ്ച് വർഷക്കാലയളവിൽ നിലവിലുണ്ടായിരുന്ന വിലകളുടെ ശരാശരി അനുസരിച്ച് കണക്കാക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം കണക്കാക്കിയിട്ടുള്ള മൊത്തം ഉല്പന്നത്തിലുള്ള വാർഷിക വർദ്ധനവിന്റെ ഇരുപത് ഇരട്ടി ഓരോ വിഭാഗം ഭൂമിയുടേയും മൂലധനമൂല്യത്തിലുള്ള വർദ്ധനവായി കരുതേണ്ടതും വൻകിട ജലസേചന സംരംഭത്തിൻകീഴിൽ അങ്ങനെയുള്ള വിഭാഗം ഭൂമിയെ പ്രയോജന പ്രദമായ ജലസേചനത്തിന് അനുയോജ്യമായി തീർക്കുന്നതിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, കണക്കാക്കിയിട്ടുള്ള ചെലവിൽ കവിഞ്ഞുവരുന്ന പ്രസ്തുത മൂലധനമൂല്യത്തിലുള്ള വർദ്ധനവിന്റെ തുകയുടെ നാലിലൊന്ന് ആ വിഭാഗം ഭൂമിക്ക് നൽകേണ്ട മെച്ചപ്പെടുത്തൽ അംശദായമായിരിക്കേണ്ടതാണ്.

<u>വിശദീകരണം</u>:—ഓരോ വിഭാഗം ഭൂമിയും പ്രയോജനപ്രദമായ ജലസേചനത്തിന് അനുയോജ്യമാക്കിത്തീർക്കുന്നതിനുള്ള ചെലവിൽ പുരയിടം നിലമായി മാറ്റാനുള്ള ചെലവും ഉൾപ്പെടുന്നതാകുന്നു.

(4) സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുവഴി, ഓരോ വിഭാഗം ഭൂമിയെ സംബന്ധിച്ചും (3)-ാം ഉപവകുപ്പുപ്രകാരം തീരുമാനിച്ച മെച്ചപ്പെടുത്തൽ അംശദായത്തിന്റെ ഓരോ ഹെക്ടറിനും നൽകേണ്ടതായ നിരക്ക് നിർദ്ദേശിക്കാവുന്നതാണ്.

(5) സർക്കാരിന്, സ്വമേധയായോ (4)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഭൂമിയുടെ ഒരു ഉടമസ്ഥന്റെ അപേക്ഷയിൻമേലോ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഭൂമിയെ സംബന്ധിച്ചുള്ള മെച്ചപ്പെടുത്തൽ അംശദായത്തിന്റെ നിരക്ക് പരിഷ്കരിക്കാവുന്നതാണ്:

എന്നാൽ, മെച്ചപ്പെടുത്തൽ അംശദായത്തിന്റെ നിരക്ക് വർദ്ധിപ്പിച്ചു കൊണ്ടുള്ള യാതൊരു ഉത്തരവും, അത് ബാധകമാകുന്ന ആളിന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

**47.** മെച്ചപ്പെടുത്തൽ അംശദായം നൽകൽ.—(1) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് 46-ാം വകുപ്പുപ്രകാരം നൽകേണ്ട മെച്ചപ്പെടുത്തൽ അംശദായം ഇരുപത് തുല്യവാർഷിക തവണകളായി, നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള അധികാരസ്ഥാനത്തിന് അങ്ങനെയുള്ള സമയത്തിനുള്ളിലും, രീതിയിലും, അത്തരം അധികാരസ്ഥാനം നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിൻമേൽ ആ ഭൂമിയുടെ ഉടമ നൽകേണ്ടതാണ്:

എന്നാൽ, ഭൂമിക്ക് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയ തീയതി മുതൽ രണ്ടുവർഷം കഴിയുന്നതുവരെ അങ്ങനെയുള്ള യാതൊരു നോട്ടീസും നൽകുവാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് മെച്ചപ്പെടുത്തൽ അംശദായം നൽകേണ്ടതായ ഉടമയ്ക്ക് അയാൾ അത് നൽകുവാൻ ബാദ്ധ്യസ്ഥനാകുന്ന തീയതി മുതൽ ഒരു വർഷക്കാലയളവിനുള്ളിൽ മെച്ചപ്പെടുത്തൽ അംശദായത്തിന്റെ മുഴുവൻ തുകയും നൽകുന്നപക്ഷം 40% കിഴിവിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**48.** മെച്ചപ്പെടുത്തൽ അംശദായം നൽകുന്നത് നീട്ടിവയ്ക്കൽ.—ഏതെങ്കിലും പ്രദേശത്ത് വിളനാശമുണ്ടാകുന്നപക്ഷം, സർക്കാരിന്, ഈ അദ്ധ്യായത്തിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഉത്തരവുമൂലം മെച്ചപ്പെടുത്തൽ അംശദായത്തിന്റെ എല്ലാ ഗഡു നൽകലും ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന കാലയളവിലേക്ക് നീട്ടിവയ്ക്കാവുന്നതോ റദ്ദാക്കാവുന്നതോ ആണ്.

## അദ്ധ്യായം XI

## പങ്കാളിത്ത ജലസേചന നിർവ്വഹണം

**49.** കർഷകരുടെ അസോസിയേഷൻ.—(1) സർക്കാരിന്, ഓരോ നാല്പത് ഹെക്ടർ പ്രദേശത്തിനുള്ളിലുള്ള കർഷകരെ ചേർത്ത് വാട്ടർ യൂസേഴ്സ് അസോസിയേഷൻ (ഇതിനുശേഷം അസോസിയേഷൻ എന്നാണ് പരാമർശിക്കപ്പെടുക) രൂപീകരിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ സംഘടനയെയോ തദ്ദേശാധികാരസ്ഥാനത്തെയോ അധികാരപ്പെടുത്താവുന്നതാണ്.

(2) ഈ പ്രദേശത്തിനുള്ളിൽ കൃഷിഭൂമി, വയലുകൾ മുതലായവ ഉള്ള എല്ലാ കർഷകരും അസോസിയേഷനിലെ അംഗങ്ങളായിരിക്കുന്നതാണ്.

(3) ഓരോ അസോസിയേഷനും, അസോസിയേഷനിലെ അംഗങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുത്ത പതിനൊന്ന് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടിവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും ആയത് അസോസിയേഷന്റെ പരിപാടികളുടെ നിർവ്വഹണത്തിനും നടത്തിപ്പിനും ഉത്തരവാദി ആയിരിക്കുന്നതു മാണ്.

(4) എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങളെ, അസോസിയേഷന്റെ ബൈലാകൾക്ക് അനുസൃതമായി മൂന്ന് വർഷത്തിലൊരിക്കൽ, അസോസിയേഷനിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ അൻപതു ശതമാനമെങ്കിലും ഹാജരാവുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന ഒരു യോഗത്തിൽവെച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

(5) എക്സിക്യൂട്ടീവ് കമ്മിറ്റി അവരിൽ നിന്നും ഒരു പ്രസിഡന്റിനെയും, വൈസ് പ്രസിഡന്റിനെയും, സെക്രട്ടറിയെയും, ട്രഷററെയും തെരഞ്ഞെടുക്കേണ്ടതാണ്.

(6) സർക്കാരിന് തദ്ദേശാധികാരസ്ഥാനത്തിലെ ഏതെങ്കിലും അംഗത്തേയോ മറ്റേതെങ്കിലും ആളെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരംഗം ആയി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(7) സർക്കാരിന് വാട്ടർ യൂസേഴ്സ് അസോസിയേഷന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പ്രവർത്തനങ്ങളെ സഹായിക്കുന്നതിനോ മേൽനോട്ടം വഹിക്കുന്നതിനോവേണ്ടി ജലവിഭവ വകുപ്പിലെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ കൃഷി വകുപ്പിലെ ഒരു അഗ്രിക്കൾച്ചറൽ ആഫീസറെയോ കാലാകാലങ്ങളിൽ നിയോഗിക്കാവുന്നതാണ്.

(8) എക്സിക്യൂട്ടീവ് കമ്മിറ്റിക്ക്, ഓരോ അസോസിയേഷനിലും നിക്ഷിപ്തമായിരിക്കുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നടപ്പിലാക്കുന്നതിനുവേണ്ടി സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

(9) എല്ലാ അസോസിയേഷനുകളും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(10) വാട്ടർ യൂസേഴ്സ് അസോസിയേഷൻ അത് രജിസ്റ്റർ ചെയ്യുന്ന പേരിൽ, ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും ഒരു പൊതു മുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും ജംഗമവും സ്ഥാവരവുമായ

സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയോഴിക്കുന്നതിനും, കരാറുകളിൽ ഏർപ്പെടുന്നതിനും അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

**(11)** സർക്കാർ, ആവശ്യമായി വരുമ്പോൾ, കാലാകാലങ്ങളിൽ അസോസിയേഷന്റെയോ കമ്മിറ്റിയുടെയോ പ്രവർത്തനത്തിന് നിർദ്ദേശങ്ങൾ നൽകുകയോ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതോ അഥവാ അത്തരം അസോസിയേഷന്റെ പ്രവർത്തനങ്ങൾ രൂപപ്പെടുത്താനും നിരീക്ഷിക്കാനും ഏതെങ്കിലും ഉദ്യോഗസ്ഥനെയോ, ഉദ്യോഗസ്ഥരുടെ സംഘത്തെയോ അധികാരപ്പെടുത്താവുന്നതോ ആകുന്നു.

**(12)** സർക്കാരിന്, ഒരു അസോസിയേഷനെ, അതിനെ ഭരമേല്പിച്ചിട്ടുള്ള ജലവിതരണസംവിധാനം ഉണ്ടാക്കുന്നതിനോ ജലവിതരണ സംവിധാനത്തിന്റെ അങ്ങനെയുള്ള ഭാഗത്തിന്റെ പരിപാലനം നടത്തുന്നതിനോ അധികാരപ്പെടുത്താവുന്നതാണ്.

**50.** <u>കർഷകരുടെ അസോസിയേഷന്റെ ഉദ്ദേശ്യങ്ങൾ</u>.—**(1)** ജലസംരക്ഷണത്തിനുള്ള അവബോധത്തിന് പ്രേരണ നൽകുന്നതിന് അതിന്റെ ഉപയോക്താക്കൾക്കിടയിൽ ജലവിതരണം മെച്ചപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക, ജലസേചന സംവിധാനത്തിന്റെ മതിയായ പരിപാലനം, കാർഷിക ഉല്പാദനം പരമാവധി ആക്കുന്നതിനായി കാര്യക്ഷമവും ലാഭകരവുമായ ജലത്തിന്റെ ഉപയോഗം, പരിസ്ഥിതി സംരക്ഷിക്കുക, കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക, ജല ബഡ്ജറ്റിനും പ്രവർത്തന പദ്ധതിക്കും അനുസൃതമായ ജലസേചന സംവിധാനത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ച ബോധം സൃഷ്ടിക്കുക എന്നിവയായിരിക്കണം അസോസിയേഷന്റെ ഉദ്ദേശ്യങ്ങൾ.

**51.** <u>അസോസിയേഷന്റെ ചുമതലകൾ</u>.—അസോസിയേഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

**(i)** സർക്കാരോ ക്ഷമതയുള്ള അധികാരസ്ഥാനമോ അംഗീകരിച്ച അവകാശത്തിന്റെയും പ്രദേശത്തിന്റെയും മണ്ണിന്റെയും വിളവെടുപ്പ് രീതിയുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതിക്കനുസൃതമായി ഓരോ ജലസേചന കാലത്തിനും വേണ്ടി വാട്ടർഷെഡ്യൂൾ തയ്യാറാക്കി നടപ്പിലാക്കുക;

**(ii)** ഓരോ വിളവെടുപ്പ് കാലത്തിന്റെയും അവസാനത്തിൽ അതിന്റെ പ്രവർത്തനമേഖലയിലുള്ള ജലസേചന സംവിധാനം പരിപാലിക്കാൻ ഒരു പദ്ധതി

തയ്യാറാക്കുകയും കാലാകാലങ്ങളിൽ, അസോസിയേഷന്റെ ഫണ്ട് ഉപയോഗിച്ച് അതിന്റെ നിയന്ത്രണത്തിലുള്ള വിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുക;

**(iii)** വാട്ടർ ഷെഡ്യൂൾ അനുസരിച്ച് അതിന്റെ പ്രവർത്തനമേഖലയുടെ കീഴിലുള്ള വിവിധ പൈപ്പ് ഔട്ട്‌ലെറ്റുകളിൽ കൂടിയുള്ള ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുക;

**(iv)** അനുവദിക്കപ്പെട്ട ജലത്തിന്റെ ഉപയോഗത്തിൽ മിതവ്യയം പ്രോൽസാഹിപ്പിക്കുക;

**(v)** ഡിമാന്റ് നോട്ടീസ് തയ്യാറാക്കുന്നതിനും ജലസേചനക്കരവും മെച്ചപ്പെടുത്തൽ ലെവിയും പിരിക്കുന്നതിനും റവന്യൂ വകുപ്പിനെ സഹായിക്കുക;

**(vi)** റവന്യൂ വകുപ്പ് പ്രസിദ്ധീകരിച്ചതുപോലെ ഭൂമി കൈവശക്കാരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുക;

**(vii)** കോ-ഓപ്റ്റഡ് അംഗങ്ങളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക;

**(viii)** പ്രവർത്തന മേഖലക്കുള്ളിലെ ജലസേചന സംവിധാനത്തിന്റെ ഒരു വിവരപ്പട്ടിക തയ്യാറാക്കി സൂക്ഷിക്കുക;

**(ix)** ജലസേചനത്തിനുവേണ്ടിയുള്ള ജലത്തിന്റെ ഒഴുക്ക് നിരീക്ഷിക്കുക;

**(x)** പ്രവർത്തനമേഖലയിലെ ജല ഉപയോക്താക്കളും അംഗങ്ങളും തമ്മിലുള്ള തർക്കങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, പരിഹരിക്കുക;

**(xi)** വിഭവങ്ങൾ സമാഹരിക്കുക;

**(xii)** അക്കൗണ്ടുകൾ സൂക്ഷിക്കുക;

**(xiii)** അതിന്റെ അക്കൗണ്ടുകളുടെ വാർഷിക ആഡിറ്റ് നടത്തിപ്പിക്കുക;

**(xiv)** ഓഫീസ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തിപ്പിൽ സഹായിക്കുക;

**(xv)** നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റു റിക്കാർഡുകൾ സൂക്ഷിക്കുക;

**(xvi)** പൊതുയോഗം നടത്തുക;

**(xvii)** സ്ഥിരമായി ജല ബഡ്ജറ്റിംഗ് നടത്തുകയും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള പീരിയോഡിക്കൽ സോഷ്യൽ ആഡിറ്റ് നടത്തുകയും ചെയ്യുക.

52. <u>ഫീസ് ചുമത്തുവാനും പിരിക്കുവാനുമുള്ള അധികാരം</u>.—ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി, അസോസിയേഷന് കാലാകാലങ്ങളിൽ നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ഫീസ് ചുമത്തുകയും പിരിക്കുകയും ചെയ്യാവുന്നതാണ്.

53. <u>ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ നിയമനവും അദ്ദേഹത്തിന്റെ ചുമതലകളും</u>.—(1) സർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങളിലേക്കായി അസോസിയേഷന്റെ ക്ഷമതയുള്ള അധികാരസ്ഥാനമായി ജലവിഭവ വകുപ്പിലെയും കൃഷി വകുപ്പിലെയും അവർക്ക് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനെ, വിജ്ഞാപനംവഴി, നിയമിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിച്ച ക്ഷമതയുള്ള അധികാര സ്ഥാനത്തിന് അസോസിയേഷൻ എടുക്കുന്ന എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്നതിലും നിർവ്വഹിക്കുന്നതിലും ബന്ധപ്പെട്ട അസോസിയേഷനോട് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്.

54. <u>വിഭവങ്ങൾ</u>.—(1) സർക്കാരിന്, ബന്ധപ്പെട്ട അസോസിയേഷന്റെ രൂപീകരണത്തിനും, പരിപാലനത്തിനും അവരുടേതായ വിഭവങ്ങൾ കണ്ടെത്താൻ അസോസിയേഷനെ അധികാരപ്പെടുത്താവുന്നതാണ്.

(2) അസോസിയേഷന്റെ ഫണ്ട് താഴെ പറയുന്നവ ഉൾക്കൊള്ളുന്നതായിരിക്കണം, അതായത്,-

(എ) അസോസിയേഷന്റെ പ്രവർത്തന മേഖലയിൽനിന്നും പിരിക്കുന്ന വെള്ളക്കരത്തിന്റെ വിഹിതമായി സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ.

(ബി) പിരിച്ചെടുക്കുന്ന ഏതെങ്കിലും അംഗത്വ ഫീസ്.

(സി) 52-ാം വകുപ്പുപ്രകാരം പിരിച്ചെടുത്ത ഫീസ്.

(ഡി) അതിന്റെ പ്രവർത്തന മേഖലയിൽ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അനുവദിക്കാവുന്ന അത്തരം മറ്റ് ഫണ്ടുകൾ.

(ഇ) അതിന്റെ പ്രവർത്തന മേഖലയിൽ എന്തെങ്കിലും സാമ്പത്തിക വികസനപ്രവർത്തനം ഏറ്റെടുക്കുന്നതിനുവേണ്ടി ഏതെങ്കിലും ധനകാര്യ ഏജൻസിയിൽ നിന്നും സമാഹരിച്ച വിഭവങ്ങൾ.

(എഫ്) അതിന്റെ പ്രവർത്തന മേഖലയ്ക്കുള്ളിൽ ജലസേചന സംവിധാനവുമായി ചേർന്നുള്ള വസ്തുക്കളിലും ആസ്തികളിലും നിന്നുള്ള വരുമാനം.

(ജി) മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ ലഭിച്ച തുക.

**55.** പണികൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം.—സർക്കാർ, ജലസേചന സംവിധാനത്തിന്റെ കൈവശം ഏറ്റെടുക്കുന്നതിനുമുൻപ്, സംവിധാനത്തിന്റെ പുനഃസ്ഥാപിക്കലിനുവേണ്ടിയുള്ള എല്ലാ പണികളും പ്രവർത്തന മേഖലയിലുള്ള സംവിധാനത്തിന്റെ എല്ലാ അറ്റകുറ്റപ്പണികളും ഏറ്റെടുക്കുന്നതിനും നിർവ്വഹിക്കുന്നതിനും അസോസിയേഷനെ അധികാരപ്പെടുത്തേണ്ടതാണ്.

**56.** സോഷ്യൽ ആഡിറ്റും നിരീക്ഷണവും.—(1) സർക്കാർ, ഓരോ വിളവെടുപ്പു കാലത്തിന്റെയും അവസാനം സോഷ്യൽ ആഡിറ്റ് നടത്തുന്നതിന് കമ്മിറ്റിയെ അധികാരപ്പെടുത്തേണ്ടതാണ്.

(2) ജല ബഡ്ജറ്റിംഗ് അനുസരിച്ചുള്ള ജല ഉപയോഗത്തിനും അസോസിയേഷന് ലഭ്യമായ ഫണ്ടിനനുസരിച്ച് സംവിധാനത്തിന്റെ സംരക്ഷണത്തിനും നേരിട്ട ചെലവിനും വേണ്ടിയുള്ളതാണ് സോഷ്യൽ ആഡിറ്റ്.

(3) സോഷ്യൽ ആഡിറ്റിൽ,—

(എ) ന്യായമായ ജലവിതരണം;

(ബി) ഉല്പാദന വർദ്ധന;

(സി) ഉല്പാദനക്ഷമതയിൽ വർദ്ധന;

(ഡി) വിളകളുടെ വൈവിധ്യവൽക്കരണം;

(ഇ) മൾട്ടിപ്പിൾ ക്രോപ്പിംഗ്;

(എഫ്) ജലത്തിന്റെ ഉപയോഗത്തിലുള്ള കാര്യക്ഷമത ;

(ജി) പണികൾ നിർവ്വഹിക്കുന്നതിനായുള്ള വിഭവ വിനിയോഗം;

(എച്ച്) അസോസിയേഷന്റെ കൃഷിസ്ഥലങ്ങൾ മുൻകാലത്തെ അപേക്ഷിച്ച് മെച്ചപ്പെടുത്തൽ;

(ഐ) അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ/കീടനാശിനികൾ മുതലായവ സ്വീകരിക്കുന്നതിൽ ഗവേഷണ സൗകര്യങ്ങളുടെ ഉപയോഗം;

(ജെ) ഏറ്റെടുത്ത പണികളുടെ ഗുണനിലവാരം;

എന്നിവ ഉൾപ്പെടുന്നതാണ്.

(4) ഇങ്ങനെ നടത്തുന്ന സോഷ്യൽ ആഡിറ്റ് ചെലവഴിച്ച ഫണ്ടിനനുസരിച്ച് കൈവരിച്ച നേട്ടങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് അസോസിയേഷന്റെ എല്ലാ ഗുണഭോക്താക്കളെയും അറിയിക്കേണ്ടതാണ്.

(5) ഏതെങ്കിലും ഒരു പണി അസോസിയേഷൻ ഏറ്റെടുത്താൽ അതിന്റെ മതിപ്പ് ചെലവും നടപ്പിലാക്കാനുദ്ദേശിക്കുന്ന പണിയുടെ ഇനവും ചെയ്തുതീർത്ത പണികളുടെ വിശദവിവരങ്ങളും പണിസ്ഥലത്ത് ഒരു ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(6) സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുവേണ്ട എല്ലാ സഹായവും ക്ഷമതയുള്ള അധികാരസ്ഥാനം നൽകേണ്ടതാണ്.

(7) അപ്രകാരം നടത്തിയ സോഷ്യൽ ആഡിറ്റ് സർക്കാർ കാലാകാലങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് ബന്ധപ്പെട്ടവർക്കെല്ലാം അയച്ചുകൊടുക്കേണ്ടതാണ്.

(8) സോഷ്യൽ ആഡിറ്റിൽ കാണപ്പെട്ട പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക അഭിപ്രായം എന്തെങ്കിലുമുണ്ടെങ്കിൽ, അത് ആഡിറ്റർ സോഷ്യൽ ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(9) (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആഡിറ്റ് റിപ്പോർട്ടിന്റെ ഒരു കോപ്പി അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

## അദ്ധ്യായം XII

## ഡാം സേഫ്റ്റി അതോറിറ്റിയുടെ രൂപീകരണം

57. ഡാം സേഫ്റ്റി അതോറിറ്റിയുടെ രൂപീകരണം.—(1) സംസ്ഥാനത്തിനകത്തുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ [1][സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പുവരുത്തുക], പരിപാലനത്തിനുള്ള ഉപദേശം എന്നീ ആവശ്യങ്ങൾക്കുവേണ്ടി കേരള ഡാം സേഫ്റ്റി അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യം കൊടുത്തുകൊണ്ട് രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റി, മേൽപ്പറഞ്ഞ പേരിലുള്ളതും ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതുമുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായമായിരി

1. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

[1][xxxx]

[2][(3) ഈ അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അടങ്ങിയിട്ടുള്ള മറ്റേതെങ്കിലും വ്യവസ്ഥകൾക്ക് പുറമേയും, ഭംഗംവരാതേയും ആയിരിക്കുന്നതും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിലുള്ള ഏതെങ്കിലും വ്യവസ്ഥകൾമൂലം, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ യാതൊന്നും നിഷ്ഫലമായതോ നടപ്പിലാക്കാൻ സാധിക്കാത്തതോ ആയി വ്യാഖ്യാനിക്കുകയോ, കരുതുകയോ, വായിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.]

**58.** <u>അതോറിറ്റിയുടെ ഘടന</u>.—(1) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്,—

(എ) ഹൈക്കോടതിയിലെ ഒരു റിട്ടയേർഡ് ജഡ്ജി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാനായിരിക്കേണ്ടതാണ്.

(ബി) ജലവിഭവ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി-എക്സ്-ഒഫിഷ്യോ;

(സി) ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ ചീഫ് എഞ്ചിനീയറും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലവിഭവ വകുപ്പിലെ മറ്റ് രണ്ട് ചീഫ് എഞ്ചിനീയർമാരും; എക്സ്-ഒഫിഷ്യോ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സെൻട്രൽ വാട്ടർ കമ്മീഷൻ ചീഫ് എഞ്ചിനീയർ;

(ഇ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ (സിവിൽ);

(എഫ്) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ; എക്സ്-ഒഫിഷ്യോ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലവിഭവങ്ങളുടെയും ഡാമുകളുടെയും സംരക്ഷണ മേഖലയിലെ രണ്ട് വിദഗ്ദ്ധർ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നതനായ ഒരു ഭൂഗർഭ ശാസ്ത്രജ്ഞൻ;

---

1. 2006-ലെ 4-ാം നമ്പർ ആക്ട് പ്രകാരം വിട്ടുകളഞ്ഞത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2006-ലെ 4-ാം നമ്പർ ആക്ട് പ്രകാരം ചേർത്തത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(ഐ) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ഡയറക്ടർ (സെസ്സ്) എക്സ്- ഒഫിഷ്യോ;

(ജെ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്; എക്സ്-ഒഫിഷ്യോ;

[1][(കെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ.]

(2) ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ ചീഫ് എഞ്ചിനീയർ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കേണ്ടതാണ്.

(3) അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

**59.** യോഗങ്ങൾ.—[2][(1)] അതോറിറ്റി റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്തേക്കാവുന്ന പ്രകാരമുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും ആ യോഗങ്ങളിൽ [3][xxxx] കാര്യനിർവ്വഹണത്തെ സംബന്ധിച്ച് അപ്രകാരമുള്ള നടപടി ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

[4][(2) അതോറിറ്റിയുടെ ഒരു യോഗത്തിന്റെ ക്വാറം ചെയർമാനുൾപ്പെടെ അഞ്ച് അംഗങ്ങൾ ആയിരിക്കേണ്ടതാണ്.]

**60.** അതോറിറ്റിയിലെ ഒഴിവ് നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.— അതോറിറ്റിയുടെ യാതൊരു പ്രവൃത്തിയോ നടപടിയോ താഴെപ്പറയുന്ന കാരണങ്ങളാൽമാത്രം അസാധുവാകുന്നതല്ല,—

(എ) അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവോ അതോറിറ്റിയുടെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ബി) അതോറിറ്റിയിലെ അംഗമായി പ്രവർത്തിക്കുന്ന ആളിന്റെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനത; അല്ലെങ്കിൽ

(സി) കേസിന്റെ സത്തയെ ബാധിക്കാത്ത, അതോറിറ്റി സ്വീകരിച്ച നടപടി ക്രമങ്ങളിലെ ഏതെങ്കിലും ക്രമക്കേട്.

**61.** ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം.— ഈ ആക്റ്റ് പ്രകാരമുള്ള അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന്റെ

1. 2018–ലെ 16–ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2017 ഡിസംബർ 8–ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം നമ്പരിട്ടത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം വിട്ടുകളഞ്ഞത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2018–ലെ 16–ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്. (2017 ഡിസംബർ 8–ാം തീയതി പ്രാബല്യത്തിൽ വന്നു.)

ചുമതലകൾ നിർവ്വഹിക്കുന്നതിനും അതോറിറ്റിയെ സഹായിക്കുന്നതിന് സർക്കാർ നിർണ്ണയിച്ചേക്കാവുന്നത്ര എണ്ണം ഉദ്യോഗസ്ഥൻമാരെയും മറ്റ് ജീവനക്കാരെയും അങ്ങനെയുള്ള രീതിയിൽ നിയമിക്കേണ്ടതാണ്.

[1][62. അതോറിറ്റിയുടെ ചുമതലകൾ.—(1) മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ അഥവാ ഏതെങ്കിലും ഉടമ്പടിയിലോ, എഗ്രിമെന്റിലോ, കരാറിലോ, കരണത്തിലോ അല്ലെങ്കിൽ മറ്റ് പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അതോറിട്ടി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാനത്തുള്ള എല്ലാ ഡാമുകളുടേയും സംരക്ഷണവും സുരക്ഷിതത്വവും മറ്റ് ഘടകങ്ങളോടൊപ്പം സ്ട്രക്ച്ചറുകളുടെ പഴക്കം, ഭൂതത്വശാസ്ത്രത്തിന്റെയും ഭൂകമ്പത്തേയും സംബന്ധിച്ച ഘടകങ്ങൾ, കാലപ്പഴക്കംമൂലമുണ്ടായ നാശം അല്ലെങ്കിൽ ദ്രവിക്കൽ എന്നിവ പരിഗണിച്ചുകൊണ്ടോ അല്ലെങ്കിൽ മറ്റു വിധത്തിലോ വിലയിരുത്തുക;

(ബി) എല്ലാ ഡാമുകളുടേയും ആനുകാലിക പരിശോധന നടത്തുക;

(സി) ഭീകരപ്രവർത്തനം, വിധ്വംസകപ്രവർത്തനം എന്നിവപോലെയുള്ള സാദ്ധ്യതകൾ പരിഗണിച്ച് ഏതെങ്കിലും ഡാമിനെ സംബന്ധിച്ച് കൈക്കൊള്ളേണ്ടതായ സുരക്ഷിതത്വ നടപടികളിൻമേൽ സർക്കാരിനെ ഉപദേശിക്കുക;

(ഡി) ഏതെങ്കിലും ഡാം, മനുഷ്യജീവനോ വസ്തുവിനോ ഭീഷണിയാകുമെന്ന് കാണുകയാണെങ്കിൽ സൂക്ഷിപ്പുകാരനോട് ഏതെങ്കിലും മാറ്റം വരുത്തലോ, മെച്ചപ്പെടുത്തലോ, പകരം വയ്ക്കലോ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളോ ചെയ്യുന്നതിന് നിർദ്ദേശം നൽകുക;

(ഇ) പൊതു സുരക്ഷിതത്വമോ, മനുഷ്യജീവനോ, വസ്തുവിനോ ഉള്ള ഭീഷണിയോ മൂലം അപ്രകാരം ആവശ്യമാണെങ്കിൽ ഏതെങ്കിലും ഡാമിന്റെ പ്രവർത്തനം തടഞ്ഞുവയ്ക്കുന്നതിനോ ഏതെങ്കിലും ഡാമിന്റെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനോ ഏതെങ്കിലും ഡാമിന്റെ പ്രവർത്തനം പരിമിതപ്പെടുത്തുന്നതിനോ സൂക്ഷിപ്പുകാരന് നിർദ്ദേശം നൽകുക;

(എഫ്) സർക്കാരിനെയോ സൂക്ഷിപ്പുകാരനെയോ മറ്റ് ഏജൻസികളേയോ ഡാമുകളുടെ സ്ഥലപരിശോധന, രൂപകല്പന, നിർമ്മാണം,

1. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)

പ്രവർത്തനം, പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ അനുവർത്തിക്കേണ്ടതായ നയങ്ങളേയും നടപടിക്രമങ്ങളേയും സംബന്ധിച്ച കാര്യങ്ങളിൽ ഉപദേശിക്കുക;

(ജി) ബന്ധപ്പെട്ട ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ഒരു ഷെഡ്യൂൾഡ് ഡാം അല്ലാതെയുള്ള, ഏതെങ്കിലും ഡാമിലെ പരമാവധി ജലവിതാനമോ ജലസംഭരണിയിലെ പൂർണ്ണ ജലവിതാനമോ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യുന്നതിന്റെ ഔചിത്യത്തെക്കുറിച്ച് പഠനം നടത്തുകയും പരിശോധന നടത്തുകയും സൂക്ഷിപ്പുകാരനെയോ മറ്റ് ഏതെങ്കിലും ഏജൻസിയേയോ ഉപദേശിക്കുകയും ചെയ്യുക;

(എച്ച്) ഒരു ഷെഡ്യൂൾഡ് ഡാം അല്ലാത്ത ഏതെങ്കിലും ഡാമിന്റെ ജലസംഭരണിയിൽ ജലം സംഭരിച്ചുനിർത്താനുള്ള അതിന്റെ കഴിവിനെയോ അനുയോജ്യതയെയോ സംബന്ധിച്ച് പഠനം നടത്തുകയും പരിശോധിക്കുകയും, സൂക്ഷിപ്പുകാരനോ ഏതെങ്കിലും ഏജൻസിക്കോ ഉപദേശം നൽകുകയും അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു വിദഗ്ദ്ധ അഭിപ്രായം തേടുകയും ഡാം ബ്രേക്ക് അനാലിസിസിലൂടെ ഉപദേശം നൽകുകയും പ്രത്യേക പഠനം നടത്തുകയും ശക്തിപ്പെടുത്തൽ നടപടികൾക്കായി നിർദ്ദേശം നൽകുകയും അല്ലെങ്കിൽ നിലവിലുള്ള ഡാമിനു പകരം നിർണ്ണയിക്കപ്പെടേണ്ട സമയപരിധിക്കുള്ളിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്നതിനോ കമ്മീഷൻ ചെയ്യുന്നതിനോ ആവശ്യപ്പെടുകയും ചെയ്യുക;

(ഐ) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയതുമായ അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക;

(ജെ) സർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി അതോറിട്ടിക്ക് ഏല്പിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകളും.

**(2)** **(1)**-ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും ഉപദേശമോ ശുപാർശയോ ലഭിച്ചതിനു ശേഷം കഴിയുന്നത്ര വേഗത്തിലോ അല്ലെങ്കിൽ അതോറിറ്റി വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിലോ സൂക്ഷിപ്പുകാരനോ അഥവാ മറ്റ് ഏതെങ്കിലും ഏജൻസിയോ ആരെയാണോ അതോറിട്ടി അഭിസംബോധന ചെയ്തിരിക്കുന്നത് അവർ അതിനനുസൃതമായി പ്രവർത്തിക്കേണ്ടതും അങ്ങനെയുള്ള ഉപദേശമോ ശുപാർശയോ അനുസരിച്ചുള്ള നടപടി എടുക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം അതോറിട്ടി ഒരു നിർദ്ദേശം നൽകിയിട്ടുള്ളിടത്ത്, സൂക്ഷിപ്പുകാരനോ അഥവാ മറ്റ് ഏതെങ്കിലും ഏജൻസിയോ ആർക്കാണോ നിർദ്ദേശം നൽകിയിട്ടുള്ളത് അവർ അതോറിട്ടിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി അതോറിട്ടി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ സത്വര നടപടികൾ എടുക്കേണ്ടതും അല്ലെങ്കിൽ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള സമയപരിധിക്കുള്ളിൽ അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുകയോ ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കുകയോ ചെയ്യേണ്ടതുമാണ്.

(4) സർക്കാർ അല്ലാതെയുള്ള മറ്റേതെങ്കിലും ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളിടത്ത്, അതോറിട്ടിയുടെ നിർദ്ദേശങ്ങൾ അങ്ങനെയുള്ള മറ്റ് ഏജൻസികൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നടപ്പിൽ വരുത്തിയെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതും സംസ്ഥാനത്തിന്റെ എല്ലാ ഉദ്യോഗസ്ഥന്മാരും സംസ്ഥാനത്തിനു ലഭ്യമായ എല്ലാ നിയമ പരിഹാരമാർഗ്ഗങ്ങളും അതോറിട്ടിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വിനിയോഗിക്കേണ്ടതുമാകുന്നു.

(5) (1)-ാം ഉപവകുപ്പ് പ്രകാരമോ (4)-ാം ഉപവകുപ്പ് പ്രകാരമോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ നിർദ്ദേശമോ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പാലിക്കാത്തിടത്ത്, അതോറിട്ടിയുടെ ഉത്തരവിനോ നിർദ്ദേശത്തിനോ പ്രാബല്യം നൽകുന്നതിനാവശ്യമായേക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് ഡാമിന്റെ കൈവശവും നിയന്ത്രണവും ഏറ്റെടുക്കുന്നതിനും അങ്ങനെയുള്ള നടപടികൾ എടുക്കുന്നതിനും അല്ലെങ്കിൽ അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനും അല്ലെങ്കിൽ ചെയ്യുന്നതിൽനിന്നും വിട്ടുനിൽക്കുന്നതിനും അതോറിട്ടിക്ക് സർക്കാരിനോട് നിർദ്ദേശിക്കാവുന്നതും അതിലേക്കായി സർക്കാരിനുണ്ടാവുന്ന ചെലവ് സൂക്ഷിപ്പുകാരനിൽനിന്നോ അല്ലെങ്കിൽ ഉത്തരവോ നിർദ്ദേശമോ നൽകിയിട്ടുള്ള മറ്റേതെങ്കിലും ഏജൻസിയിൽ നിന്നോ അത് സംസ്ഥാനത്തിന് കിട്ടേണ്ടതായ ഭൂനികുതി കുടിശ്ശിക എന്നപോലെ ഈടാക്കേണ്ടതുമാണ്.]

[1][62 എ. ഷെഡ്യൂൾഡ് ഡാമുകൾ.-(1) കാലപ്പഴക്കം, ബലക്ഷയം, ദ്രവിക്കൽ, ഘടനയിലുള്ളതോ അല്ലെങ്കിൽ മറ്റുവിധത്തിലോ ഉള്ള തടസ്സങ്ങൾ എന്നിവമൂലം അപകടാവസ്ഥയിലായ ഡാമുകളുടെ വിശദാംശങ്ങൾ രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമാണ്.

1. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(2) മറ്റേതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, നിർദ്ദേശത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും ഉടമ്പടിയിലോ, കരാറിലോ, എഗ്രിമെന്റിലോ പ്രമാണത്തിലോ, കരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരോ സൂക്ഷിപ്പുകാരനോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയോ ജലസംഭരണിയുടെ നിശ്ചയിച്ചിട്ടുള്ള പൂർണ്ണ ജലവിതാനം വർദ്ധിപ്പിക്കുകയോ കൂടുതലാക്കുകയോ കൂട്ടുകയോ വ്യാപിപ്പിക്കുകയോ അല്ലെങ്കിൽ രണ്ടാം പട്ടികയിൽ നിശ്ചയിച്ചിട്ടുള്ളതും വിവരിച്ചിട്ടുള്ളതുമായ ജലവിതാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും പ്രവൃത്തി, മറ്റ് ഏതെങ്കിലും രീതിയിൽ ചെയ്യുകയോ ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഏതെങ്കിലും ഷെഡ്യൂൾഡ് ഡാമിനെ സംബന്ധിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ അങ്ങനെയുള്ള വിതാനത്തിൽ മാറ്റംവരുത്താൻ പാടുള്ളതല്ല.

(3) മറ്റേതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, നിർദ്ദേശത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും ഉടമ്പടിയിലോ, കരാറിലോ, എഗ്രിമെന്റിലോ, പ്രമാണത്തിലോ, കരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ഷെഡ്യൂൾഡ് ഡാമിന്റെ, സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനോ, കൂടുതലാക്കുന്നതിനോ കൂട്ടുന്നതിലോ, അല്ലെങ്കിൽ വ്യാപിപ്പിക്കുന്നതിനോ, ജലസംഭരണിയുടെ നിശ്ചയിച്ചിട്ടുള്ള പൂർണ്ണ ജലവിതാനം വർദ്ധിപ്പിക്കുന്നതിനോ, ഏതെങ്കിലും ഉടമ്പടി, കരാർ, എഗ്രിമെന്റ്, കരണം അല്ലെങ്കിൽ പ്രമാണം എന്നിവ പ്രകാരമോ മറ്റേതെങ്കിലും രീതിയിലോ ഉദ്ദേശിക്കുകയോ, ഏതെങ്കിലും അവകാശം സിദ്ധിക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും സർക്കാരോ സൂക്ഷിപ്പുകാരനോ മറ്റെതെങ്കിലും ഏജൻസിയോ, അങ്ങനെയുള്ള ആവശ്യത്തിലേക്കായി അതോറിറ്റിയുടെ രേഖാമൂലമായ മുൻകൂർ അനുവാദം തേടാതെയോ അങ്ങനെയുള്ള ജോലി ചെയ്യുവാൻ അനുവദിച്ചുകൊണ്ടുള്ള അതോറിറ്റിയുടെ ഒരു ഉത്തരവ് വാങ്ങിക്കാതെയോ, ഏതെങ്കിലും പ്രവൃത്തിയോ ജോലിയോ ചെയ്യുവാൻ പാടുള്ളതല്ല.

(4) 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭതീയതിയിൽ പുരോഗമിച്ചുവരുന്ന ഏതെങ്കിലും സൂക്ഷിപ്പുകാരന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയുടെയോ ഏതെങ്കിലും പ്രവൃത്തിയോ ജോലിയോ തയ്യാറെടുപ്പോ ഉടൻതന്നെ നിർത്തിവയ്ക്കേണ്ടതും, ഷെഡ്യൂൾഡ് ഡാമിന്റെ അങ്ങനെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള,

സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനോ, കൂടുതലാക്കുന്നതിനോ, കൂട്ടുന്നതിനോ, വ്യാപിപ്പിക്കുന്നതിനോ അല്ലെങ്കിൽ ജലസംഭരണിയുടെ നിശ്ചയിച്ചിട്ടുള്ള പൂർണ്ണ ജലവിതാനം വർദ്ധിപ്പിക്കുന്നതിനോ വേണ്ടി അതോറിറ്റിയുടെ മുൻകൂർ അനുമതി ലഭിക്കുന്നതിനായി ഒരു അപേക്ഷ സർക്കാരോ സൂക്ഷിപ്പുകാരനോ മറ്റേതെങ്കിലും ഏജൻസിയോ സമർപ്പിക്കേണ്ടതും അതോറിറ്റിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി ലഭിച്ചതിനുശേഷം മാത്രം പ്രവൃത്തിയോ ജോലിയോ തയ്യാറെടുപ്പോ പുനരാരംഭിക്കേണ്ടതുമാണ്.

**62 ബി.** അതോറിറ്റിയുടെ അധികാരങ്ങൾ.-(1) അതോറിറ്റിക്ക്, ഷെഡ്യൂൾഡ് ഡാമുകളുടെ സംഭരണശേഷിയോ ജലവ്യാപ്ത പ്രദേശമോ വർദ്ധിപ്പിക്കുന്നതിനോ, കൂടുതലാക്കുന്നതിനോ, കൂട്ടുന്നതിനോ അല്ലെങ്കിൽ വ്യാപിപ്പിക്കുന്നതിനോ, പരമാവധി ജലവിതാനമോ ജലസംഭരണിയിലെ നിശ്ചയിച്ചിട്ടുള്ള പൂർണ്ണ ജലവിതാനമോ വർദ്ധിപ്പിക്കുന്നതിനോ വേണ്ടിയുള്ള രേഖാമൂലമുള്ള സമ്മതത്തിനു വേണ്ടിയുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയ്ക്ക് (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും നിർബന്ധമായി ഹാജരാക്കുന്നതിനും സത്യപ്രതിജ്ഞയിൻമേൽ അയാളെ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടുപിടിക്കുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും സർക്കാരിൽനിന്നോ തദ്ദേശാധികാരസ്ഥാനത്തു നിന്നോ മറ്റേതെങ്കിലും ഓഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും പ്രമാണങ്ങൾ പരിശോധിക്കുന്നതിനും കമ്മീഷനുകളെ നിയമിക്കുന്നതിനും.

(2) അതോറിറ്റിയുടെ മുൻപാകെയുള്ള ഏതൊരു നടപടിയും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്), 193-ം 228-ം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു നീതിന്യായ നടപടിയായി കരുതപ്പെടുന്നതാണ്.]

**63.** സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ.—സർക്കാരിന്, നിയമസഭയിൽ ഇതിലേക്കായി നിയമപ്രകാരമുള്ള ധനവിനിയോഗം നടത്തിയതിനുശേഷം, അതോറിറ്റിക്ക് സർക്കാരിന് ആവശ്യമെന്ന് തോന്നാവുന്നത്രയും തുക ഗ്രാന്റായി നൽകാവുന്നതാണ്.

**64.** ബഡ്ജറ്റ്.—അതോറിറ്റി ഓരോ സാമ്പത്തികവർഷവും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും അടുത്ത സാമ്പത്തിക വർഷത്തേക്ക് കണക്കാക്കിയ വരവുകളും ചെലവുകളും കാണിച്ചുകൊണ്ടുള്ള അതിന്റെ ബഡ്ജറ്റ് തയ്യാറാക്കുകയും, ആയത് സർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

**65.** വാർഷിക റിപ്പോർട്ട്.—അതോറിറ്റി ഓരോ സാമ്പത്തികവർഷവും നിർണ്ണയിച്ചേക്കാവുന്നപ്രകാരമുള്ള ഫാറത്തിലും സമയത്തും കഴിഞ്ഞ സാമ്പത്തിക വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ മുഴുവൻ വിവരണവുമടങ്ങിയ ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും, ആയതിന്റെ ഒരു പകർപ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

**66.** അക്കൗണ്ടുകളും ആഡിറ്റും.—അതോറിറ്റിയുടെ അക്കൗണ്ടുകൾ നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ, സൂക്ഷിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതും അതോറിറ്റി ആഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ പകർപ്പ് അതിൻമേലുള്ള ആഡിറ്ററുടെ റിപ്പോർട്ട് സഹിതം, നിർണ്ണയിച്ചേക്കാവുന്ന തീയതിക്കുമുമ്പായി, സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

**67.** വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ വയ്ക്കണമെന്ന്.—വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും ലഭിച്ചാലുടൻ, സർക്കാർ അവ നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

**68.** അതോറിറ്റിയിലെ അംഗങ്ങൾ പബ്ലിക് സർവെന്റുമാർ ആയിരിക്കുമെന്ന്. —അതോറിറ്റിയിലെ എല്ലാ അംഗങ്ങളും, ഉദ്യോഗസ്ഥൻമാരും, ജീവനക്കാരും ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുകയോ പ്രവർത്തിക്കാനുദ്ദേശിക്കുകയോ ചെയ്യുമ്പോൾ **1860**-ലെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (**1860**-ലെ **45**-ാം കേന്ദ്ര ആക്റ്റ്) **21**-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽവരുന്ന പബ്ലിക് സർവെന്റായി കരുതപ്പെടേണ്ടതാണ്.

[1][68 എ. നടപടിക്കുള്ള സംരക്ഷണവും വ്യവഹാരങ്ങളിൽ നിന്നുള്ള ഉന്മുക്തിയും മുതലായവ.- ഈ ആക്റ്റ്പ്രകാരമുള്ള ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുമ്പോൾ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് അതോറിറ്റിക്കോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റ്പ്രകാരം അതോറിറ്റി ഒത്തുതീർപ്പാക്കുകയോ തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ നിശ്ചയിക്കുകയോ ചെയ്യേണ്ടതായ ഏതെങ്കിലും വസ്തുതയെ സംബന്ധിച്ച പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിശ്ചയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിക ഉണ്ടായിരിക്കുന്നതല്ല.]

69. റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അതോറിറ്റിയുടെ അധികാരം.— അതോറിറ്റിക്ക് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ഈ ആക്റ്റിനും, അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം XIII

## ശിക്ഷകൾ

70. ശിക്ഷകൾ.—(1) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയോ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(2) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിൻമേൽ, മൂന്നു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

[2][(3) 7-ാം വകുപ്പിലെയോ 37-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെയോ (4)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും,

1. 2006-ലെ 4-ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2006 സെപ്റ്റംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 16-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്. (2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നു.)

കുറ്റസ്ഥാപനത്തിൻമേൽ, മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.]

(4) 9-ാം വകുപ്പ് (ബി) ഖണ്ഡത്തിലേയോ (സി) ഖണ്ഡത്തിലേയോ 38-ാം വകുപ്പിലേയോ, 40-ാം വകുപ്പ് (2)-ാം ഉപവകുപ്പിലേയോ, 41-ാം വകുപ്പിലേയോ, 42-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയോ, 44-ാം വകുപ്പിലേയോ വ്യവസ്ഥകളോ, 43-ാം വകുപ്പുപ്രകാരമുള്ള ഏതെങ്കിലും റെഗുലേഷനോ, നിരോധനമോ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ആയിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(5) 42-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ പതിനായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കേണ്ടതാണ്.

(6) ശരിയായ അധികാരമില്ലാതെ,—

(എ) ഏതെങ്കിലും ജലസേചന സംരംഭത്തിന് ഹാനിവരുത്തുകയോ, മാറ്റം വരുത്തുകയോ, വലുതാക്കുകയോ, തടസ്സപ്പെടുത്തുകയോ; അഥവാ

(ബി) ഏതെങ്കിലും ജലസേചന സംരംഭത്തിൽ നിന്നുള്ള ജലവിതരണ ത്തിൽ ഇടപെടുകയോ അതു വർദ്ധിപ്പിക്കുകയോ, കുറയ്ക്കുകയോ; അഥവാ

(സി) ഏതെങ്കിലും ജലസേചന സംരംഭത്തിന് അപകടമോ ഹാനിയോ പ്രയോജനക്കുറവോ വരത്തക്കവിധത്തിൽ അങ്ങനെയുള്ള സംരംഭത്തിലെ ജലത്തിന്റെ ഒഴുക്കിൽ ഇടപെടുകയോ മാറ്റം വരുത്തുകയോ; അഥവാ

(ഡി) ഒരു ജലസേചന സംരംഭത്തിൽ നിന്നും ജലം ഉപയോഗിക്കുവാനുള്ള അവകാശമുണ്ട് എന്നതുകൊണ്ട് അങ്ങനെയുള്ള ജലസേചന സംരംഭത്തിലെ ജലം പാഴാക്കുന്നതിന് കാരണമോ അവസരമോ ഉണ്ടാക്കുകയോ അതിൽനിന്നുള്ള ജലത്തിന്റെ അധികൃത വിതരണത്തിൽ ഇടപെടുകയോ ഏതെങ്കിലും അനധികൃതമായ രീതിയിൽ ജലം ഉപയോഗിക്കുകയോ; അഥവാ

(ഇ) മനഃപൂർവ്വമായി ഏതെങ്കിലും ജലസേചന സംരംഭത്തിലെ ജലം സാധാരണയായി ഏതാവശ്യത്തിനാണോ ഉപയോഗിക്കുന്നത് ആ ആവശ്യത്തി

നുള്ള അതിന്റെ അനുയോജ്യതയിൽ കുറവുവരത്തക്കവിധത്തിൽ ദുഷിപ്പിക്കുകയോ മലിനമാക്കുകയോ; അഥവാ

(എഫ്) ഒരു ജലസേചന സംരംഭത്തിൽ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും വിതാന അടയാളമോ വാട്ടർഗേജോ മറ്റേതെങ്കിലും അടയാളമോ ചിഹ്നമോ നശിപ്പിക്കുകയോ, മായ്ച്ചുകളയുകയോ നീക്കം ചെയ്യുകയോ, മാറ്റം വരുത്തുകയോ;

ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

[1][70 എ. മജിസ്ട്രേറ്റിന്റെ പ്രത്യേക അധികാരിത.-1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴ ചുമത്തുവാൻ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.]

71. തുടർച്ചയായ കുറ്റങ്ങൾക്കുള്ള ശിക്ഷ.—ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു തുടർച്ചയായ കുറ്റമാകുന്നിടത്ത് കുറ്റക്കാരനെ, കുറ്റസ്ഥാപനത്തിൻമേൽ, കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും നൂറു രൂപയിൽ കവിയാത്ത പിഴ നൽകി ശിക്ഷിക്കേണ്ടതാണ്.

72. രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ.—ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ഒരു കോടതിയാൽ ശിക്ഷിക്കപ്പെട്ട ഏതൊരൊളെയും അതേ കുറ്റം വീണ്ടും ചെയ്താൽ അങ്ങനെ തുടർന്നുള്ള ഓരോ കുറ്റത്തിനും,—

(എ) 70-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (4)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ട് വർഷം വരെയാകാവുന്നതും എന്നാൽ ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും പതിനായിരം രൂപ വരെയാകാവുന്ന പിഴയും;

(ബി) 70-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് മൂന്ന് വർഷം വരെയാകാവുന്നതും എന്നാൽ

1. 2018-ലെ 16-ാം നമ്പർ ആക്റ്റ് പ്രകാരം ചേർത്തത്. (2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും ഒരു ലക്ഷത്തി അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയും;

(സി) 70-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് [1][മൂന്നുവർഷം വരെയാകാവുന്നതും എന്നാൽ ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും രണ്ടുലക്ഷം രൂപവരെയാകാവുന്ന പിഴയും];

(ഡി) 70-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ടുവർഷം വരെയാകാവുന്നതും എന്നാൽ ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും പതിനായിരം രൂപ വരെയാകാവുന്ന പിഴയും;

(ഇ) 70-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് ഒരു വർഷം വരെയാകാവുന്നതും എന്നാൽ ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും പതിനയ്യായിരം രൂപ വരെയാകാവുന്ന പിഴയും;

നൽകി ശിക്ഷിക്കേണ്ടതാണ്.

**73.** ശിക്ഷിക്കപ്പെട്ട ആളുകളിൽ നിന്നും പണി ചെയ്യുന്നതിനുള്ള, ചെലവ് ഈടാക്കണമെന്ന്.—70-ാം വകുപ്പോ 71-ാം വകുപ്പോ 72-ാം വകുപ്പോ പ്രകാരമുള്ള ഒരു കുറ്റത്തിന് ഏതെങ്കിലും ഒരാൾ ശിക്ഷിക്കപ്പെടുന്നപക്ഷം ഇറിഗേഷൻ ഓഫീസർ, ജലസേചന സംരംഭത്തിനുള്ള തടസ്സമോ ഇടപെടലോ നീക്കം ചെയ്യുന്നതിനോ നാശനഷ്ടത്തിന്റെയോ മാറ്റത്തിന്റെയോ ക്ഷതത്തിന്റെയോ അറ്റകുറ്റപ്പണി നടത്തുന്നതിനോ, വിതാന അടയാളമോ മറ്റേതെങ്കിലും അടയാളമോ, ചിഹ്നമോ മാറ്റിസ്ഥാപിക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ ഇറിഗേഷൻ ഓഫീസർക്ക് നേരിട്ടിട്ടുള്ള ചെലവ്, എന്തെങ്കിലും ഉണ്ടെങ്കിൽ, അങ്ങനെയുള്ള ആളിൽ നിന്നും നിർണ്ണയിച്ചേക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതാണ്.

**74.** കുറ്റങ്ങൾ നടപടിക്കെടുക്കൽ.—(1) 4-ാം വകുപ്പും 42-ാം വകുപ്പ് (1)-ാം ഉപവകുപ്പും പ്രകാരമുള്ള കുറ്റങ്ങളൊഴികെ, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ എല്ലാ കുറ്റങ്ങളും കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

(2) 4-ാം വകുപ്പോ 42-ാം വകുപ്പ് (1)-ാം ഉപവകുപ്പോ പ്രകാരമുള്ള ഏതൊരു കുറ്റവും അപ്രകാരമുള്ള കുറ്റത്തിന് അടിസ്ഥാനമായ വസ്തുതകൾ

1. 2018-ലെ 16-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്. (2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നു.)

കാണിച്ചുകൊണ്ട് ഇറിഗേഷൻ ഓഫീസർ ഫയൽ ചെയ്യുന്ന രേഖാമൂലമുള്ള ഒരു പരാതിയിൻമേലല്ലാതെ, യാതൊരു കോടതിയും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(3) 2-ാം ഉപവകുപ്പിലെ ആവശ്യത്തിലേക്കായി ഇറിഗേഷൻ ഓഫീസറെ ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഓഫീസറായി കരുതേണ്ടതാണ്.

75. <u>ചില സംഗതികളിൽ കണ്ടുകെട്ടൽ</u>.—ഏതെങ്കിലും ആൾ 7-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മണൽ വാരുന്ന സംഗതിയിൽ, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരമുള്ള മണൽ കടത്തുവാൻ ഉപയോഗിച്ച വാഹനം കണ്ടുകെട്ടുന്നതിന് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18) പ്രകാരമുള്ള നടപടി ആരംഭിക്കാൻ ഇറിഗേഷൻ ഓഫീസർ ഇടയാക്കേണ്ടതാണ്.

76. <u>ജലസേചന സംരംഭത്തിന് തടസ്സമോ നാശനഷ്ടമോ ഉണ്ടാക്കുന്ന ആളുകളെ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—ഏതെങ്കിലും ജലസേചന സംരംഭത്തിന്റെ ചുമതലയുള്ള ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന്—

തന്റെ അഭിപ്രായത്തിൽ; ഒരാൾ

(i) ഏതെങ്കിലും ജലസേചന സംരംഭത്തെ ബോധപൂർവ്വം നാശനഷ്ടപ്പെടുത്തുകയോ, മാറ്റം വരുത്തുകയോ, വലുതാക്കുകയോ അഥവാ തടസ്സപ്പെടുത്തുകയോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും ജലസേചന സംരംഭത്തിൽ നിന്നോ അതിലോ ഉള്ള ജലത്തിന്റെ വിതരണത്തിലോ ഒഴുക്കിലോ ശരിയായ അധികാരമില്ലാതെ ഇടപെടുകയോ ചെയ്താൽ; അയാളെ,

(എ) ആ ഭൂമിയിൽ നിന്നോ അതിലുള്ള കെട്ടിടങ്ങളിൽ നിന്നോ നീക്കം ചെയ്യുകയോ;

(ബി) ഒരു വാറണ്ടില്ലാതെ കസ്റ്റഡിയിലെടുക്കുകയോ അനാവശ്യമായ കാലതാമസം കൂടാതെ, ഒരു പോലീസുദ്യോഗസ്ഥനെ ഏൽപ്പിക്കുകയോ, അഥവാ ഒരു പോലീസുദ്യോഗസ്ഥന്റെ അഭാവത്തിൽ ഏറ്റവും അടുത്ത പോലീസ് സ്റ്റേഷനിലേക്ക് കസ്റ്റഡിയിൽ കൊണ്ടു പോകുകയോ, കൊണ്ടുപോകാൻ ഇടയാക്കുകയോ, ചെയ്യാവുന്നതാണ്.

77. <u>കമ്പനികൾ ചെയ്യുന്ന കുറ്റം</u>.—(1) ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജ്

വഹിച്ചിരുന്നതും അതിന്റെ ബിസിനസ് നടത്തിപ്പിന് ഉത്തരവാദിത്വ മുണ്ടായിരുന്നതുമായ ഓരോ ആളും കമ്പനിയും ആ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാകേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള ഒരാളെയും അയാൾ, ആ കുറ്റം അയാളുടെ അറിവോടു കൂടിയല്ല ചെയ്തിട്ടുള്ളതെന്നോ അയാൾ ആ കുറ്റം ചെയ്യൽ തടയുന്നതിന് വേണ്ടത്ര ശ്രദ്ധ എടുത്തിരുന്നുവെന്നോ തെളിയിക്കുകയാണെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കേണ്ടതില്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റുപ്രകാരമുള്ള കുറ്റം ഒരു കമ്പനി ചെയ്യുകയും, കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ, മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അയാളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമോ ആണ് ആ കുറ്റം നടന്നതെന്ന് തെളിയിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ഡയറക്ടറെയോ മാനേജരെയോ സെക്രട്ടറിയെയോ മറ്റ് ഉദ്യോഗസ്ഥനെയോകൂടി കുറ്റക്കാരനായി കരുതേണ്ടതും അതനുസരിച്ച് നടപടിയെടുക്കേണ്ടതും ശിക്ഷിക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ആളുകളുടെ മറ്റു സംഘമോ, ഒരു സഹകരണ സംഘമോ ഉൾപ്പെടുന്നതും ആകുന്നു;

(ബി) ഒരു ഫേമിനെ സംബന്ധിച്ച് 'ഡയറക്ടർ' എന്നാൽ ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

## അദ്ധ്യായം XIV

## പലവക

**78.** ചെറുകിട ജലസേചന സംരംഭങ്ങൾക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കൽ.—സർക്കാരിന്, ഒരു തദ്ദേശാധികാര സ്ഥാനത്തിന്റെ അപേക്ഷയിൻമേലോ അല്ലാതെയോ ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ, ബന്ധപ്പെട്ട സംരംഭത്തിന് ആവശ്യമാകാവുന്നതും സ്വീകാര്യയോഗ്യമാകാവുന്നതുമായ, സത്തയെ

ബാധിക്കാത്ത മാറ്റങ്ങൾക്കും, രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി, ആ തദ്ദേശാധികാര സ്ഥാനം നിർമ്മിച്ചതോ പരിപാലിച്ചു പോന്നതോ ആയ ഏതെങ്കിലും ചെറുകിട ജലസേചന സംരംഭത്തെ സംബന്ധിച്ച്, വ്യാപിപ്പിക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്തതായി, വിജ്ഞാപനംമൂലം, പ്രഖ്യാപിക്കാവുന്നതാണ്.

**79.** ചില സ്വകാര്യ ജലസേചന സംരംഭങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന്.—**(1)** ഒരു തദ്ദേശാധികാരസ്ഥാനത്തിൽ നിക്ഷിപ്തമായതല്ലാത്ത, സർക്കാരിന് തൃപ്തികരമായ വിധത്തിൽ പരിപാലിക്കാത്തതോ ഉടമയാരെന്നറിയാത്തതോ ആയ, നദിയിലെ ഒരു സ്വകാര്യ ജലസേചന സംരംഭം സർക്കാരിൽ നിക്ഷിപ്തമാകുന്നതും **8**-ാം വകുപ്പുപ്രകാരം അവർ നിർമ്മിച്ച ജലസേചന സംരംഭമായി കരുതപ്പെടേണ്ടതുമാണ്.

**(2) (1)**-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ജലസേചന സംരംഭം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് യാതൊരു നഷ്ടപരിഹാരവും നൽകേണ്ടതില്ലെന്ന് സംശയ നിവാരണത്തിനായി, ഇതിനാൽ വ്യക്തമാക്കുന്നു.

**80.** സ്വകാര്യ ജലസേചന സംരംഭങ്ങളുടെ വിലയ്ക്കെടുക്കൽ.—**(1)** സർക്കാരിന് പൂർത്തീകരിച്ചതോ അല്ലാത്തതോ ആയ ഏതെങ്കിലും സ്വകാര്യ ജലസേചന സംരംഭം, ഭൂമിയുടെ ശരിയായ ജലസേചനത്തിനുവേണ്ടിയോ അതിനു ആനുഷംഗികമോ, സഹായകമോ ആയ മറ്റേതെങ്കിലും ആവശ്യത്തിനു വേണ്ടിയോ വിലയ്ക്കെടുക്കൽ ആവശ്യമാണെന്ന്, അവർ കരുതുന്നപക്ഷം, വിലയ്ക്കെടുക്കാവുന്നതാണ്.

**(2) (1)**-ാം ഉപവകുപ്പ് പ്രകാരമുള്ള വിലയ്ക്കെടുക്കലിനെ സംബന്ധിച്ച് **1894**-ലെ സ്ഥലമെടുപ്പ് ആക്റ്റി **(1894**-ലെ **1**-ാം കേന്ദ്ര ആക്റ്റ്**)** ലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

**(3)** സർക്കാർ വിലയ്ക്കെടുത്ത ഒരു സ്വകാര്യ ജലസേചന സംരംഭം, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, സർക്കാർ അവരുടെ ചെലവിൽ നിർമ്മിച്ചിട്ടുള്ള ഒരു ജലസേചന സംരംഭമായി കണക്കാക്കേണ്ടതാണ്.

**81.** പ്രവേശനം, പരിശോധന തുടങ്ങിയവയ്ക്കുള്ള അധികാരം.—**(1)** ഡെപ്യൂട്ടി തഹശീൽദാരുടെ പദവിയിൽ കുറയാത്ത റവന്യൂ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജലവിഭവ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ നിർണ്ണയിച്ചേക്കാവുന്ന ഫാറത്തിൽ നോട്ടീസ് നൽകിയതിനുശേഷം, ഒരു

ജലസേചന സംരംഭം നടപ്പിൽവരുത്തുന്ന ആവശ്യത്തിനുവേണ്ടി ഏതെങ്കിലും ഭൂമിയെക്കുറിച്ചുള്ള അന്വേഷണമോ, നിരീക്ഷണമോ ടെസ്റ്റോ, പരിശോധനയോ, സർവേയോ, അളവെടുപ്പോ നടത്തുന്നതിന് തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ ഏതൊരു ഭൂമിയിലും പ്രവേശിക്കാവുന്നതാണ്.

(2) ഒരു തദ്ദേശാധികാരസ്ഥാനം ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഒരു തദ്ദേശാധികാര സ്ഥാനത്തിലെ ഏതൊരു ഉദ്യോഗസ്ഥനും 13-ാം വകുപ്പുപ്രകാരം ആ തദ്ദേശാധികാര സ്ഥാനത്തെ ഭരമേൽപ്പിച്ചിട്ടുള്ള ഏതെങ്കിലും ചെറുകിട അല്ലെങ്കിൽ വളരെ ചെറിയ ജലസേചന സംരംഭമോ ഒരു ജലസേചന സംരംഭമോ നടപ്പിൽ വരുത്തുന്ന ആവശ്യത്തിനുവേണ്ടി ഏതെങ്കിലും അന്വേഷണമോ, നിരീക്ഷണമോ, ടെസ്റ്റോ, പരിശോധനയോ, സർവേയോ, അളവെടുപ്പോ നടത്തുന്നതിന് തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ ഏതൊരു ഭൂമിയിലും പ്രവേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ, കെട്ടി അടച്ചിട്ടുള്ള ഏതെങ്കിലും പരിസരത്ത് പ്രവേശിക്കാൻ ഉദ്ദേശിക്കുന്നിടത്ത് കൈവശക്കാരൻ പ്രവേശനത്തിനുള്ള അഭ്യർത്ഥന നിരസിക്കുകയാണെങ്കിൽ അദ്ദേഹം അങ്ങനെ കെട്ടിയടച്ചിട്ടുള്ള പരിസരത്തിന്റെ കൈവശക്കാരന്, അങ്ങനെ ചെയ്യുന്നതിനുള്ള തന്റെ ഉദ്ദേശം കാണിച്ചുകൊണ്ട് കുറഞ്ഞത് ഒരു ദിവസത്തെ രേഖാമൂലമുള്ള നോട്ടീസ് നൽകേണ്ടതാണ്.

(4) ഏതെങ്കിലും ജലസേചന സംരംഭത്തിന്, അപകടംമൂലമോ മറ്റുവിധത്തിലോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചിട്ടുള്ളിടത്തോ അങ്ങനെയുള്ള ഏതെങ്കിലും ജലസേചന സംരംഭത്തിന് എന്തെങ്കിലും അപായശങ്കയുള്ളിടത്തോ അതതു സംഗതിപോലെ (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ, അപ്രകാരമുള്ള ജലസേചന സംരംഭത്തിനോട് തൊട്ടുചേർന്ന് കിടക്കുന്ന ഭൂമിയിൽ പ്രവേശിക്കാവുന്നതും ജലസേചന സംരംഭത്തിന് ഉള്ള നാശനഷ്ടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനോ അതിനുള്ള അപകടം തടയുന്നതിനോ ആവശ്യമായ പണി നടത്തുകയും ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പുപ്രകാരം നടപടി എടുത്തിട്ടുള്ള ഓരോ സംഗതിയിലും, അങ്ങനെയുള്ള നടപടി എടുക്കുന്ന ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഭൂമിയുടെ

ഉടമസ്ഥന് നേരിട്ടിട്ടുള്ള എല്ലാ നാശനഷ്ടങ്ങൾക്കും വേണ്ടിയുള്ള നഷ്ടപരിഹാരം, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, നിശ്ചയിക്കേണ്ടതും നൽകേണ്ടതുമാണ്.

**(6)** **(5)**-ാം ഉപവകുപ്പുപ്രകാരം നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയെ സംബന്ധിച്ച് എന്തെങ്കിലും തർക്കമുള്ളിടത്ത്, ആ ഉദ്യോഗസ്ഥൻ തർക്കം കളക്ടറുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതും, അതിൻമേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**82.** <u>സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും വിസ്തരിക്കുന്നതിനും ഉള്ള അധികാരം</u>.—**(1)** ഈ ആക്ടുപ്രകാരം ഒരു അന്വേഷണം നടത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണം നടത്തുമ്പോൾ **1908**-ലെ സിവിൽ നടപടി നിയമസംഹിത (**1908**-ലെ **5**-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും നിർബന്ധമായി ഹാജരാക്കുന്നതിനും സത്യപ്രതിജ്ഞയിൻമേൽ അയാളെ വിസ്തരിക്കുന്നതിനും,

(ബി) ഏതെങ്കിലും രേഖ കണ്ടുപിടിക്കുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിനും,

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും

(ഡി) നിർണ്ണയിച്ചേക്കാവുന്ന മറ്റ് ഏതെങ്കിലും കാര്യത്തിനും,

**(2)** ഈ ആക്ട് പ്രകാരമുള്ള ഓരോ അന്വേഷണവും, **1860**-ലെ ഇന്ത്യൻ ശിക്ഷാനിയമത്തി (**1860**-ലെ **45**-ാം കേന്ദ്ര ആക്റ്റ്)-ലെ **193**-ഠ **228**-ഠ വകുപ്പുകളുടെ ആവശ്യങ്ങളിലേക്കായി ഒരു നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതാണ്.

**83.** <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്കുള്ള സംരക്ഷണം</u>.—**(1)** ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ, വ്യവസ്ഥകൾക്കനുസൃത മായി ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യാനുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യത്തിന് ഒരാളിനെതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ വ്യവസ്ഥകൾക്കനുസൃതമായി ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യാനുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യത്തിന് സർക്കാരിനോ തദ്ദേശാധികാരസ്ഥാനത്തിനോ, സർക്കാരിന്റെയോ തദ്ദേശാധികാരസ്ഥാനത്തിന്റെ യോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

**84.** ചില ആളുകൾ പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.—4-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമോ, 26-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ, അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരാളും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

**85.** അനധികൃതമായോ പാഴായോ ജലം ഉപയോഗിക്കുന്നതിനുള്ള വാട്ടർ ചാർജ്ജ്.—(1) ഏതെങ്കിലും ജലസേചന സംരംഭത്തിൽ നിന്നും ഏതെങ്കിലും ആൾ അനധികൃതമായി ജലം ഉപയോഗിക്കുകയോ എടുക്കുകയോ ഏതെങ്കിലും ജലസേചന സംരംഭത്തിൽനിന്നും ജലം ഉപയോഗിക്കുന്നതിന് അധികാരം ഉള്ള ഏതെങ്കിലും ആൾ ജലം പാഴാക്കുന്നതിന് കാരണമാക്കുകയോ അവസരം ഉണ്ടാക്കുകയോ ചെയ്യുന്നിടത്ത്, അതതു സംഗതിപോലെ, ജലം ഉപയോഗിക്കുക യോ അനധികൃതമായി എടുക്കുകയോ പാഴാക്കുകയോ ചെയ്തതിന് ഇറിഗേഷൻ ഓഫീസറുടെ റിപ്പോർട്ടിൻമേൽ കളക്ടർ നിശ്ചയിക്കാവുന്ന വാട്ടർ ചാർജ്ജ്, ഈ ആക്ടിൻകീഴിലോ അതു പ്രകാരമോ അയാളിൽ ചുമത്താവുന്ന പിഴകൾക്കു പുറമെ, നൽകാൻ അങ്ങനെയുള്ള ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) 4-ാം വകുപ്പിലേയോ 5-ാം വകുപ്പിലേയോ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് ഒരു ജലപ്രവാഹത്തിൽ നിന്നും ജലം എടുക്കുകയോ തിരിച്ചു വിടുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെ എടുക്കുകയോ തിരിച്ചു വിടുകയോ ചെയ്ത ജലത്തിന് ഇറിഗേഷൻ ഓഫീസറുടെ റിപ്പോർട്ടിൻമേൽ കളക്ടർ നിശ്ചയിക്കാവുന്ന വാട്ടർ ചാർജ്ജിന്റെ തുക ഈ ആക്റ്റിൻ കീഴിലോ അതുപ്രകാരമോ അയാളിൽ ചുമത്താവുന്ന പിഴകൾക്ക് പുറമെ, നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

എന്നാൽ, അതു ബാധകമാകുന്ന ആളിന് നിർദ്ദിഷ്ട തുക വ്യക്തമാക്കിക്കൊണ്ട് രേഖാമൂലമായ ഒരു നോട്ടീസ് നൽകുകയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകുകയും ചെയ്യാതെ (1)-ാം

ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരമുള്ള യാതൊരു വാട്ടർ ചാർജ്ജും നിശ്ചയിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരമുള്ള കളക്ടറുടെ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതും അപ്പീൽ സ്വീകരിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം സർക്കാർ അപ്പീലിൽ തീരുമാനം എടുക്കേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**86.** കുറ്റക്കാരനെ തിട്ടപ്പെടുത്താൻ അസാദ്ധ്യമാകുന്നിടത്ത് നാശനഷ്ടത്തിന്റേയോ അറ്റകുറ്റപ്പണികളുടെയോ ചെലവ് ഈടാക്കൽ.—ശരിയായ അധികാരമില്ലാതെ ഏതെങ്കിലും ജലസേചന സംരംഭത്തിന് എന്തെങ്കിലും നാശനഷ്ടത്തിന് കാരണമുണ്ടാക്കുകയോ, മാറ്റം വരുത്തുകയോ വലുതാക്കുകയോ, തടസ്സം സൃഷ്ടിക്കുകയോ ചെയ്യുന്ന ആളിനെ പര്യാപ്തമെന്ന് കളക്ടർ കരുതുന്ന അങ്ങനെയുള്ള അന്വേഷണത്തിനുശേഷം തിട്ടപ്പെടുത്താനോ തിരിച്ചറിയാനോ സാധിക്കാതിരിക്കുന്നിടത്ത്, ഇറിഗേഷൻ ഓഫീസറുടെ അപേക്ഷയിൻമേൽ കളക്ടർക്ക്, അതതുസംഗതിപോലെ, നാശനഷ്ടം കൊണ്ടോ മാറ്റം വരുത്തൽകൊണ്ടോ വലുതാക്കൽ കൊണ്ടോ ഗുണം ലഭിച്ചിട്ടുള്ള മുഴുവൻ ഭൂമിയുടെയും ഉടമകൾക്ക് ഒരു മാസത്തിൽ കുറയാത്ത നോട്ടീസ് നൽകിയതിനുശേഷവും അവരുടെ നിവേദനങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതു കേട്ടതിനുശേഷവും അങ്ങനെയുള്ള നാശനഷ്ടത്തിന്റെ അറ്റകുറ്റപ്പണിക്കോ, മാറ്റം വരുത്തലും വലുതാക്കലും തടസ്സപ്പെടുത്തലും നീക്കം ചെയ്യുന്നതിനോ ഉള്ള ചെലവ്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നാവുന്ന അനുപാതത്തിൽ അവരിൽ നിന്നും ഈടാക്കാവുന്നതാണ്.

**87.** പ്രകൃതിജല ശേഖരത്തിന്റെ നിർത്തൽ അഥവാ നിയന്ത്രണം.—മണ്ണ് സംരക്ഷണവകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ നൽകുന്ന മുൻകൂർ അനുമതി കൂടാതെ ഒരാളെയും, കുളം, തോട് മുതലായവപോലെയുള്ള ഏതൊരു പ്രകൃതിജലശേഖര പ്രദേശവും അടയ്ക്കാനോ വലിപ്പം കുറയ്ക്കാനോ അനുവദിക്കാൻ പാടുള്ളതല്ല.

**88.** പണം ഈടാക്കേണ്ട രീതി.—ഏതെങ്കിലും ആളിൽനിന്നും ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്കനുസൃതമായി കിട്ടാനുള്ള ഏതെങ്കിലും തുക കുടിശ്ശിക ആകുന്നപക്ഷം മറ്റ് എതെങ്കിലും രീതിയിലുള്ള ഈടാക്കലിനു ഭംഗം

വരാത്തവിധം ഭൂമിയിൻമേലുള്ള ഒരു പൊതുകരകുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

**89.** തർക്കങ്ങളിൻമേലുള്ള തീരുമാനം.—ഏതെങ്കിലും സംരംഭം ഈ ആക്ടിന്റെ ആവശ്യങ്ങളിലേക്ക് ഒരു ജലസേചന സംരംഭമാണോ എന്ന തർക്കമുണ്ടാകുന്നുവെങ്കിൽ ആ തർക്കം സർക്കാരിന്റെ തീരുമാനത്തിനായി അയയ്ക്കേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**90.** ജല നിയന്ത്രണത്തിനും വിനിയോഗത്തിനുമുള്ള ബോർഡിന്റെ രൂപീകരണം.—**(1)** സർക്കാരിന് ഏതെങ്കിലും നദീതടവുമായോ നദീതടങ്ങളുടെ കൂട്ടവുമായോ പദ്ധതിയുമായോ ജലസേചന സംരംഭവുമായോ ഏതെങ്കിലും വൻകിട ജലസേചന സംരംഭവുമായോ ബന്ധപ്പെട്ട് അതത് സംഗതിപോലെ ആ പ്രദേശത്തെ ജലസേചന സംരംഭത്തിൽ നിന്നോ വൻകിട ജലസേചന സംരംഭത്തിൽ നിന്നോ ഉള്ള ജലവിതരണത്തിന്റെ ക്രമീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അതിന്റെ പരിഗണനയ്ക്ക് വന്നേക്കാവുന്ന മറ്റുകാര്യങ്ങളിലും സർക്കാരിന് ഉപദേശം നൽകുന്നതിനുവേണ്ടി വിജ്ഞാപനംവഴി, ഒരു ജലനിയന്ത്രണ വിനിയോഗ ബോർഡ് രൂപീകരിക്കാവുന്നതാണ്.

**(2)** **(1)**-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ സർക്കാർ നിയമിക്കുന്ന ആ പ്രദേശത്തെ കൃഷിക്കാരെ, പ്രതിനിധീകരിക്കുന്നവരും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള താൽപ്പര്യങ്ങളുള്ള അനുദ്യോഗസ്ഥരേയും, ഉദ്യോഗസ്ഥരേയും പ്രതിനിധീകരിക്കുന്നവരും തദ്ദേശ നികായങ്ങളിലെ പ്രതിനിധികളും ഉൾപ്പെടെ ഇരുപതിൽ കൂടാത്തതായ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കൃഷിക്കാരും അനൗദ്യോഗിക അംഗങ്ങളും ചേർന്നാൽ ബോർഡിൽ ഭൂരിപക്ഷമുണ്ടായിരിക്കേണ്ടതാണ്.

**(3)** ബോർഡിലെ ഔദ്യോഗികാംഗമല്ലാത്ത ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി സർക്കാർ വിജ്ഞാപനംവഴി നേരത്തെ അവസാനിപ്പിക്കാത്തപക്ഷം, ബോർഡ് രൂപീകരിക്കപ്പെട്ട തീയതി മുതൽ മൂന്നുവർഷമായിരിക്കുന്നതാണ്.

**91.** സർക്കാരിന്റെ നിർദ്ദേശങ്ങൾ.—**(1)** സർക്കാരിന്, കാലാകാലങ്ങളിൽ ഏതെങ്കിലും ആളോ തദ്ദേശാധികാരസ്ഥാനമോ സഹകരണസംഘമോ അഥവാ മറ്റ് സംഘമോ ഏകാംഗീകൃത നികായമോ ജലസേചനവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അനുവർത്തിക്കേണ്ടതായ, ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, പൊതുസ്വഭാവമുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ (1)-ാം ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിൽനിന്നും ഒരാളോ, ഒരു തദ്ദേശാധികാര സ്ഥാനമോ ഒരു സഹകരണസംഘമോ, മറ്റു സംഘമോ ഏകാംഗീകൃത നികായമോ വ്യതിചലിക്കാൻ പാടുള്ളതല്ല.

92. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ തങ്ങൾക്ക് തോന്നുന്ന ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞ് ഈ ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയാവുന്നത്ര വേഗം നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

93. <u>ആക്റ്റിന് മറ്റു നിയമങ്ങളിൻമേൽ അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ആചാരത്തിലോ പ്രയോഗത്തിലോ അഥവാ ഏതെങ്കിലും പ്രകടമോ വ്യംഗ്യമോ ആയ കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ 1986-ലെ കേരള കമാൻഡ് ഏരിയ വികസന ആക്റ്റിലെയും (1986-ലെ 37) 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിലെയും (1986-ലെ 14) വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരാതെയും ആയിരിക്കേണ്ടതാണ്.

94. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും ഇനിപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വേണ്ടിയും അപ്രകാരമുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്.—

(എ) നിർണ്ണയിക്കപ്പെടുന്നതിന് ഈ ആക്ട് പ്രകടമായി ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും;

(ബി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിനും;

ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയാവുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ ആകെ പതിനാല് ദിവസ കാലത്തേക്ക്, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ആവാം, വയ്ക്കേണ്ടതും അപ്രകാരം അതു വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**95.** <u>റദ്ദാക്കലും ഒഴിവാക്കലും</u>.—**1956**-ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടനാ ആക്ടിലെ (**1956**-ലെ **37**-ാം കേന്ദ്ര ആക്റ്റ്) **5**-ാം വകുപ്പ് (**2**)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ജില്ലയിൽ, പട്ടികയിലെ <u>എ</u> ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആക്റ്റുകൾക്ക് പ്രാബല്യമില്ലാതായിത്തീരുന്നതും പ്രസ്തുത പട്ടികയിലെ <u>ബി</u> ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആക്റ്റുകൾ ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു:

എന്നാൽ, അങ്ങനെയുള്ള പ്രാബല്യമില്ലാതാക്കലോ റദ്ദാക്കലോ,—

(എ) പ്രസ്തുത നിയമത്തിന്റെ മുൻപ്രവർത്തനത്തെയോ, അവയ്ക്കു കീഴിൽ യഥാവിധി ചെയ്തിട്ടുള്ളതോ ബാധിച്ചിട്ടുള്ളതോ അയ എന്തിനെയെങ്കിലുമോ;

(ബി) പ്രസ്തുത നിയമപ്രകാരം ആർജ്ജിച്ചിട്ടുള്ളതോ സിദ്ധിച്ചിട്ടുള്ളതോ വന്നുചേർന്നിട്ടുള്ളതോ ആയ ഏതെങ്കിലും അവകാശത്തേയോ, പ്രത്യേകാവകാശത്തേയോ, കടപ്പാടിനേയോ, ബാദ്ധ്യതയേയോ;

(സി) പ്രസ്തുത നിയമത്തിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും പിഴയേയോ, കണ്ടുകെട്ടലിനേയോ, ശിക്ഷയേയോ;

(ഡി) മേൽപ്പറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും അവകാശത്തേയോ പ്രത്യേകാവകാശത്തേയോ, കടപ്പാടിനേയോ, ബാദ്ധ്യതയേയോ, കണ്ടുകെട്ടലിനേയോ, ശിക്ഷയേയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തേയോ നിയമ നടപടികളേയോ അഥവാ പരിഹാരത്തേയോ;

ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ നിയമ നടപടിയോ, പരിഹാരമോ ആരംഭിക്കുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും പിഴയോ കണ്ടു കെട്ടലോ ശിക്ഷയോ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായെന്ന പോലെ ചുമത്താവുന്നതുമാണ്.

## പട്ടിക

### ഭാഗം-എ

1. **1865**-ലെ മദ്രാസ് ജലസേചന സെസ് ആക്റ്റ് **(1865**-ലെ **VII)**
2. **1942**-ലെ മദ്രാസ് ജലസേചന (സ്വമേധയായുള്ള സെസ്) ആക്റ്റ് **(1942**-ലെ **XIII)**
3. **1943**-ലെ മദ്രാസ് ജലസേചന പ്രവർത്തനങ്ങൾ (അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തലും നിർമ്മാണവും) ആക്റ്റ് **(1943**-ലെ **XVIII)**
4. **1947**-ലെ മലബാർ ജലസേചന പ്രവർത്തനങ്ങൾ (നിർമ്മാണവും സെസ് ചുമത്തലും) ആക്റ്റ് **(1947**-ലെ **VII)**
5. **1949**-ലെ മദ്രാസ് ജലസേചന ടാങ്കുകൾ (മെച്ചപ്പെടുത്തൽ) ആക്റ്റ് **(1949**-ലെ **XIX)**
6. **1955**-ലെ മദ്രാസ് ജലസേചന (മെച്ചപ്പെടുത്തൽ അംശദായം ചുമത്തൽ) ആക്റ്റ് **(1955**-ലെ **3)**

### ഭാഗം-ബി

1. **1952**-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ടാങ്കുകൾ (സംരക്ഷിക്കലും മെച്ചപ്പെടുത്തലും) ആക്റ്റ് ( **1952**-ലെ **23)**
2. **1956**-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ആക്റ്റ് **(1956**-ലെ **VII)**
3. **1967**-ലെ കേരള ജലസേചനപണി (കൂട്ടുപ്രയത്നംമൂലം നടപ്പാക്കൽ) ആക്റ്റ് **(1967**-ലെ **20)**

## [1][രണ്ടാം പട്ടിക

[62 എ (1) വകുപ്പ് കാണുക]

| ക്രമ നമ്പർ | ഡാമിന്റെ പേര് | പൂർത്തിയാക്കിയ വർഷം | ജലസംഭരണിയിലെ നിശ്ചയിച്ചിട്ടുള്ള പൂർണ്ണ ജലവിതാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മുല്ലപെരിയാർ | 1895 | പ്രധാന ഡാമിന്റെ സ്ഥാനത്ത് പെരിയാർ നദിയുടെ ഏറ്റവും ആഴത്തിലുള്ള വിതാനത്തിൽ നിന്നും 41.45 മീ. (136 അടി) |
| 2 | കുന്തള | 1947 | 1758.70 മീ. എം എസ് എൽ |
| 3 | മലമ്പുഴ | 1955 | 115.06 ” |
| 4 | മാട്ടുപെട്ടി | 1956 | 1599.59 ” |
| 5 | വാളയാർ | 1956 | 203.00 ” |
| 6 | വാഴാനി | 1957 | 62.48 മീ. എം എസ് എൽ |
| 7 | ചെങ്കുളം | 1957 | 847.64 ” |
| 8 | പെരിങ്ങൽക്കുത്ത് | 1957 | 423.98 ” |
| 9 | പീച്ചി | 1958 | 79.25 ” |
| 10 | നെയ്യാർ | 1959 | 84.75 ” |
| 11 | മീങ്കര | 1960 | 156.36 ” |
| 12 | കല്ലാർകുട്ടി | 1961 | 456.59 ” |
| 13 | പൊന്മുടി | 1963 | 707.75 ” |
| 14 | ഷോളയാർ മെയിൻ | 1965 | 811.69 ” |
| 15 | ആനയിറങ്കൽ | 1965 | 1207.01 ” |
| 16 | തുണക്കടവ് | 1965 | 539.50 ” |
| 17 | ചുള്ളിയാർ | 1966 | 154.11 ” |
| 18 | പറമ്പിക്കുളം | 1966 | 556.26 ” |
| 19 | കക്കി | 1966 | 981.46 ” |
| 20 | മംഗലം | 1966 | 77.87 ” |

1. 2006-ലെ 4-ാം നമ്പർ ആക്ട് പ്രകാരം ചേർത്തത് (2006 സെപ്റ്റംബർ 12-ാംതീയതി പ്രാബല്യത്തിൽ വന്നു).

| | | | | |
|---|---|---|---|---|
| **21** | അരുവിക്കര | **1963** | **46.63** | " |
| **22** | പെരുവരിപ്പള്ളം | **1963** | **539.50** | "] |

**(ശരിത്തർജ്ജമ)**